VOL NO: 07 I ISSUE 25
www.nerpatham.com
mail@nerpatham.com
2023 JUNE 24 I ₹10

നേർപഥം
വാരിക

# വഹാബി നവോത്ഥാനം: വിമർശകരും വസ്തുതകളും

മതത്തെ അതിന്റെ അടിസ്ഥാന തലങ്ങളിലേക്ക് തിരിച്ചുകൊണ്ടുപോകുന്നതിനെയാണ് മതമൗലികവാദം എന്ന് പറയുന്നത്. പിൽക്കാല നിർമിതവും പ്രമാണവിരുദ്ധവുമായ പുറംമോടികളെ പൊട്ടിച്ചെറിഞ്ഞ് ആദർശത്തെ തൽസ്ഥിതിയിലേക്ക് കൊണ്ടുചെന്നെത്തിക്കാനുള്ള ന്യായമായ പരിശ്രമങ്ങളെ വിമർശനത്തിന്റെ എന്ത് ദുഷ്പേരിട്ട് വിളിച്ചാലും അവഗണിക്കാനേ ദൈവഭയമുള്ളവർക്ക് കഴിയൂ. നിലയ്ക്കാത്ത 'വഹാബീ വിളി'കളിലും 'കാഫിർ ഫത്വ'കളിലും മനസ്സ് മടുക്കാതിരിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

## ഇബ്റാഹീം നബി(അ) കാണിച്ചുതന്ന ആദർശപാത

|| പുതുതലമുറ എങ്ങോട്ട്?

|| ഹജ്ജിനൊരുങ്ങി പുണ്യനഗരികൾ

|| LGBTQ+ സംവാദം തെളിയിക്കുന്നത് എന്ത്?

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില: ₹500+₹500=₹1000**

**ഇപ്പോൾ:**

**₹750**


WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 7356766478

0335
# നേർപഥം
വാരിക
2023 ജൂൺ 24
1444 ദുൽഹിജ്ജ 06
പുസ്തകം 07 / ലക്കം 25




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി 10

## വഹാബി നവോത്ഥാനം: വിമർശകരും വസ്തുതകളും
ഡോ. ജമാൽ മുഹമ്മദ്

മുഖമൊഴി
05
ഇബ്റാഹീം നബി(അ) കാണിച്ചുതന്ന ആദർശപാത

ലേഖനം
06
സ്വർഗത്തിലേക്ക് കുറുക്കുവഴിയോ?
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26
25ാം അനുച്ഛേദവും പുതിയ പാഠങ്ങളും
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18
ഹജ്ജിനൊരുങ്ങി പുണ്യനഗരികൾ
നബീൽ പയ്യോളി

ക്വുർആൻ ദർശനം
31
സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
22
LGBTQ+സംവാദം തെളിയിക്കുന്നത് എന്ത്?
അനസ് കെ ആമയൂർ

നമുക്കുചുറ്റും
34
പുതുതലമുറ എങ്ങോട്ട്?
ടി.കെ അശ്റഫ്



## പൊതുപരീക്ഷകളുടെ സമയക്രമം:
# ആരാധന സമയങ്ങൾ കണക്കിലെടുത്ത് വേണം: വിസ്ഡം സ്റ്റുഡൻസ്

പെരിന്തൽമണ്ണ: കേരള പബ്ലിക് സർവീസ് കമ്മീഷന്റെത് ഉൾപ്പെടെയുള്ള സർക്കാർ, അർധസർക്കാർ കേന്ദ്രങ്ങൾ നടത്തുന്ന പൊതുപരീക്ഷകളുടെ സമയക്രമം ആരാധന സമയങ്ങൾ കണക്കിലെടുത്ത് വേണമെന്നും വിശ്വാസികളുടെ ആശങ്കകൾ മുഖവിലക്കെടുക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച ക്യാമ്പസ് കോളോകിയം സംസ്ഥാന ക്യാമ്പസ് പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. ബലിപെരുന്നാൾ പോലെയുള്ള, വിശ്വാസികൾക്ക് സവിശേഷമായ ദിവസങ്ങളിൽ പോലും പരീക്ഷകൾ നിശ്ചയിക്കുന്ന നടപടി തീർത്തും പ്രതിഷേധാർഹമാണ്. അസിസ്റ്റന്റ് സയന്റിസ്റ്റ് തസ്തികയിലേക്കുള്ള പരീക്ഷ ബലിപെരുന്നാൾ ദിവസം നിശ്ചയിച്ച് പി.എസ്.സി. ഉത്തരവ് പുറത്തിറക്കിയത് കഴിഞ്ഞ ദിവസമാണ്. പലകുറി ഇവ്വിഷയങ്ങൾ സർക്കാറിന്റെയും ബന്ധപ്പെട്ട അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും, താത്കാലിക ആശ്വാസ നടപടികൾ കൈക്കൊള്ളുമെന്നല്ലാതെ പിന്നീടും ഇത് ആവർത്തിക്കുന്നത് ഗൗരവപൂർവം കാണണം.

സമാപന സമ്മേളനം വിസ്ഡം സംസ്ഥാന സെക്രട്ടറി ഹാരിസ് ഇബ്നു സലീം ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന ക്യാമ്പസ് വിങ് ചെയർമാൻ അസ്ഹർ അബ്ദുൽ റസാഖ് അധ്യക്ഷനായി. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി താനൂർ, ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ശമീൽ, ഭാരവാഹികളായ ശബീബ് മഞ്ചേരി, ഖാലിദ് മങ്കട, അബ്ദുൽ മാജിദ് ചുങ്കത്തറ, നിയാസ് കക്കാട്, ക്യാമ്പസ് വിങ് കൺവീനർ ഷാനിബ് അൽഹികമി, അംഗങ്ങളായ അമൽ, വസീം അൽഹികമി, ഉസാമ ബിൻ അബൂബക്കർ, അദീബ് ഷാൻ, സൽമാൻ ഇരിവേറ്റി, സുഹൈൽ പരപ്പനങ്ങാടി തുടങ്ങിയവർ സംസാരിച്ചു. ലിബറലിസം പാനൽ ചർച്ചക്ക് ഡോ. അബ്ദുല്ല ബാസിൽ സി.പി, ഡോ. ഷഹബാസ്. കെ. അബ്ബാസ് എന്നിവർ നേതൃത്വം നൽകി. സ്വാദിഖ് മദീനി, എ.പി. മുനവ്വർ സ്വലാഹി, ഹാരിസ് ആറ്റൂർ തുടങ്ങിയവർ വിഷയാവതരണം നടത്തി.

# വായനാശീലം വളർത്തിയാലേ നല്ല സംസ്കാരം രൂപപ്പെടുത്താൻ കഴിയൂ: വിസ്ഡം

കോഴിക്കോട്: ചെറുപ്രായത്തിൽതന്നെ വായനാശീലം വളർത്തിയാലേ നല്ല സംസ്കാരം രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച വിസ്ഡം ബുക്ക്സ് സംസ്ഥാനതല വർക്ക്ഷോപ്പ് അഭിപ്രായപ്പെട്ടു. വായനയിലൂടെയാണ് അറിവ് കൂടുതൽ വർധിപ്പിക്കുവാനും പരസ്പരം മനസ്സിലാക്കുവാനും സാധിക്കുന്ന സംസ്കാരം രൂപപ്പെടുത്താൻ കഴിയുക. സാമൂഹ്യജീർണതക്കെതിരെയുള്ള പ്രതിരോധം വായനയിലൂടെ ശക്തിപ്പെടുത്താൻ കഴിയുമെന്നും വർക്ക്ഷോപ്പ് കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ കെ. സജ്ജാദ് ഉദ്ഘാടനം ചെയ്തു. അബ്ദുൽ ഖാദർ പറവണ്ണ അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സെക്രട്ടറി അബ്ദുൽ മാലിക് സലഫി, മുജീബ് ഒട്ടുമ്മൽ, പ്രിംറോസ്, ജംഷീർ പി.സി കോഴിക്കോട്, മുഫീദ് പാലക്കാഴി എന്നിവർ സംസാരിച്ചു.

# ഐ.ടി. വിദഗ്ധരെ സംസ്ഥാനത്ത് ഉപയോഗപ്പെടുത്താൻ പദ്ധതികൾ വേണം: വിസ്ഡം

കോഴിക്കോട്: മലയാളികളായ ഐ.ടി. വിദഗ്ധരെ സംസ്ഥാനത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്താൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ഐ.ടി. വർക്ക്ഷോപ്പ് ആവശ്യപ്പെട്ടു. മലയാളികളായ ഐ.ടി. വിദഗ്ധരുടെ സേവനം വിദേശ രാഷ്ട്രങ്ങളാണ് കൂടുതലായും ഉപയോഗപ്പെടുത്തുന്നത്. അവരുടെ സേവനം ഇവിടെ ലഭിക്കുന്ന വിധം കേരളത്തിലെ ഐ.ടി. മേഖലയിൽ അടിസ്ഥാനവികസനം സാധ്യമാക്കണം.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി. കെ. അശ്റഫ് ഉദ്ഘാടനം ചെയ്തു. അഡ്വ: പി. എ. മുഹമ്മദ് അഷ്റഫ് ആലപ്പുഴ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സി.പി സലീം, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, ശബീർ കോട്ടക്കൽ, കെ. മുഹമ്മദ് ജമാൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. നജീബ് യൂസുഫ്, ഒ. മുഹമ്മദ് അൻവർ, അനീസ് തൂത, സത്താർ കാഞ്ഞങ്ങാട്, ശരീഫ് ചെർപ്പുളശ്ശേരി ചർച്ചകൾക്ക് നേതൃത്വം നൽകി.

# ഇബ്റാഹീം നബി(അ) കാണിച്ചുതന്ന ആദർശപാത

വീണ്ടും ഒരു ഹജ്ജും ബലിപെരുന്നാളും ആഗതമായിരിക്കുകയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമെത്തിയ ലക്ഷക്കണക്കിന് വിശ്വാസികളാൽ പുണ്യനഗരികൾ നിറഞ്ഞുകവിഞ്ഞിരിക്കുന്നു. അവർക്കിടയിൽ യാതൊരുവിധ വിവേചനവുമില്ല. രാജ്യത്തിന്റെയോ തൊലിയുടെ നിറത്തിന്റെയോ ഭാഷയുടെയോ വ്യത്യസ്തതകൾ അവരെ പരസ്പരം അകറ്റുന്നില്ല. എല്ലാവരും ഏകോദരസഹോദരങ്ങളെപ്പോലെയാണവിടെ.

ഇബ്റാഹീം നബി(അ)യെയും കുടുബത്തെയും സ്മരിക്കാത്ത ഒരു ദിവസവും വിശ്വാസികളുടെ ജീവിതത്തിൽ കടന്നുപോകുന്നില്ല. ഹജ്ജും ബലിപെരുന്നാളുമാകട്ടെ ആ മഹാപ്രവാചകന്റെയും കുടുംബത്തിന്റെയും ത്യാഗനിർഭരമായ ജീവിതത്തെക്കുറിച്ചുള്ള ഓർമകൾ കൂടുതൽ ശക്തമാക്കുന്നതാണ്.

കഅ്ബാ നിർമാണത്തിനുശേഷം ഇബ്റാഹീം നബി(അ)യും പുത്രൻ ഇസ്മാഈൽ നബി(അ)യും നടത്തിയ പ്രാർഥന വിശുദ്ധ ക്വുർആൻ ഉദ്ധരിക്കുന്നുണ്ട്. തൗഹീദിന്റെ ആദർശപരമായ ആർജവവും വിശ്വാസത്തിന്റെ മാർഗദർശനവുമുള്ള ഒരു ധർമാധിഷ്ഠിത സമൂഹം ഭൂമുഖത്ത് ആവിർഭവിക്കുവാനും നിലനിൽക്കുവാനുമുള്ള അഭിലാഷം പ്രതിഫലിക്കുന്ന ചരിത്രപ്രസിദ്ധമായ ആ പ്രാർഥന പ്രപഞ്ചനാഥൻ സ്വീകരിച്ചു എന്നതിന് പിൽകാലാനുഭവങ്ങൾ സാക്ഷിയാണ്. എക്കാലത്തും മുസ്‌ലിം സമൂഹം അനുകരിക്കുകയും ആവർത്തിക്കുകയും തങ്ങളുടെ വിശ്വാസ-സമർപ്പണ ജീവിതത്തിന്റെ ഊർജമായി അവലംബിക്കുകയും ചെയ്യേണ്ടുന്ന ഒന്നാണ് ആ പ്രാർഥന. അതുകൊണ്ടുതന്നെ വിശുദ്ധ ക്വുർആൻ, ഇബ്റാഹീം നബി(അ)യുടെ ത്യാഗനിർഭരമായ ജീവിത കഥനത്തിൽ ആ പ്രാർഥന ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇബ്റാഹീം നബി(അ) തനിച്ചും കഅ്ബ നിർമാണാനന്തര ഘട്ടത്തിൽ ഇബ്റാഹീം നബി(അ)യും ഇസ്മാഈൽ നബി(അ)യും ചേർന്നും നടത്തുന്ന പ്രാർഥനകൾ ക്വുർആനിൽ കാണാം.

മക്കാരാജ്യത്തിനു വേണ്ടി അദ്ദേഹം പ്രാർഥിച്ചു: "എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്റാഹീം പ്രാർഥിച്ച സന്ദർഭവും (ഓർക്കുക)" (ക്വുർആൻ 2:126).

"ഇബ്റാഹീം നബി(അ) ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു): എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ" (ക്വുർആൻ 14:35).

സ്വന്തത്തിന്നും സന്തതിപരമ്പരകൾക്കും വേണ്ടി അദ്ദേഹം പ്രാർഥിച്ചു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ച് തരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിച്ചുകൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നുതന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു" (ക്വുർആൻ 2:128-129).

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽപെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ" (ക്വുർആൻ 14:40).

തനിക്കും തന്റെ സന്തതി പരമ്പരക്കും വേണ്ടിയും രാജ്യത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയുമെല്ലാം ഇബ്റാഹീം(അ) പ്രാർഥിച്ചു. തന്റെയോ മക്കളുടെയോ ജീവിതത്തിൽ ബഹുദൈവാരാധന കടന്നുവരാതിരിക്കുവാനും അദ്ദേഹം പ്രാർഥിച്ചു എന്നത് പ്രത്യേകം ഓർക്കുക. ■

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 21

# സ്വർഗത്തിലേക്ക് കുറുക്കുവഴിയോ?

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

### തക്വ്വാ മീറ്റർ

ഒരാൾ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടാനുള്ള വ്യവസ്ഥകളല്ല അൽവസിയ്യത്തിൽ ചർച്ച ചെയ്തിട്ടുള്ളത്; മറിച്ച് ബഹശ്തീ മക്ബറയിൽ മറവുചെയ്യപ്പെടാനുള്ള നിബന്ധനകളാണ്. അവിടെ സംസ്കരിക്കപ്പെടുന്നതോടെ ഏതൊരാളും സ്വർഗത്തിലെത്തുമെന്നത് സുനിശ്ചിതമാണ് എന്നാണ് ഖാദിയാനികളുടെ വിശ്വാസം. മുത്തകിികളെ മാത്രമെ അവിടെ മറവു ചെയ്യാൻ പാടുള്ളൂ, മറവു ചെയ്യപ്പെടുന്നതിനു മുമ്പുതന്നെ ഒരു വ്യക്തിയുടെ തക്വ്വയെപ്പറ്റി അറിഞ്ഞിരിക്കണമെന്നതാണ് ഇതിലെ ഏറ്റവും രസകരമായ നിബന്ധന. അതറിയാനെന്ത് മാർഗമുണ്ട്? വല്ല 'തക്വ്വ മീറ്ററും' ഖാദിയാനി 'ബുദ്ധിജീവി'കൾ കണ്ടുപിടിച്ചിട്ടുണ്ടോ? ഈ ചോദ്യത്തിനുള്ള മറുപടി മൗലവി അല്ലാദിത്താ 'തഫ്ഹീമാതെ റബ്ബാനിയ'യിൽ വിശദീകരിക്കുന്നു:

"ശുദ്ധനുണയാണ് ഈ ആരോപണം. ഇവിടെ ബഹശ്തി മക്ബറക്കായി പ്രത്യേക ഡിപ്പാർട്ടുമെന്റുണ്ട്. ആരെങ്കിലും വസിയ്യത്ത് ചെയ്ത വിവരം ലഭിച്ചുകഴിഞ്ഞാൽ മക്ബറയുടെ ചാർജ് വഹിക്കുന്ന ഓഫീസർ അയാളുടെ മതപരമായ നിലപാട് വളരെ രഹസ്യമായി അന്വേഷിക്കുന്നു. അതിനുവേണ്ടി പ്രാദേശിക ജമാഅത്തിലെ രണ്ട് അംഗങ്ങൾക്ക് താഴെ കൊടുത്ത ഫോറത്തിന്റെ

**ഒരാൾ സ്വർഗത്തിൽ പോകണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് പ്രാദേശിക ജമാഅത്തിലെ രണ്ട് സാധാരണ മനുഷ്യരാണ്! അവരുടെ മാനുഷികവികാരങ്ങളും ചാപല്യങ്ങളും പരിമിതികളും ഇഷ്ടാനിഷ്ടങ്ങളും എത്ര കപടന്മാരെ സ്വർഗത്തിലെത്തിക്കില്ല! എത്ര സത്യവിശ്വാസികളുടെ സൽകർമങ്ങൾ വിഫലമാകില്ല! ഇവിടെ ലൗകികബന്ധങ്ങളും വിദ്വേഷങ്ങളും സ്വാധീനിക്കില്ലെന്നതിന് എന്താണുറപ്പ്? എല്ലാറ്റിനും നിദാനം രണ്ടു മനുഷ്യരുടെ സാക്ഷ്യപത്രങ്ങൾ! അവർ മലക്കുകളല്ലല്ലോ.**

രണ്ടു പേരുടെയും സാക്ഷ്യങ്ങൾ പരസ്പര വിരുദ്ധമായാൽ എന്തു ചെയ്യും? ഇത്തരം പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കാൻ ബുദ്ധി പണയപ്പെടുത്തിയ ഖാദിയാനികൾ ബാധ്യസ്ഥരല്ല! അവർക്ക് ഖാദിയാനീമതം തന്നെ നല്ലത്, എളുപ്പം സ്വർഗം നേടാമല്ലോ!

മിർസാക്കും കുടുംബത്തിലെ മറ്റെല്ലാവർക്കും നിരുപാധികം സ്വർഗം ലഭിക്കുകയെന്നതും ചിന്താർഹമായ പ്രശ്നംതന്നെ. മിർസായുടെ കുടുംബത്തിൽ ജനിച്ച സദൃശ കൻആൻമാരും ഉപാധികൾ ഒഴിവാക്കിയതിനാൽ സ്വർഗത്തിൽ വിലസുന്നത് കാണേണ്ടിവരും. നൂഹ് നബി(അ)യുടെ പുത്രനായ കൻആനെപ്പോലെ മിർസായുടെ ആദ്യഭാര്യയിൽ ജനിച്ച രണ്ട് പുത്രന്മാർ നിഷേധികളായിരുന്നു. അവരിലൊരാൾ മരിച്ചപ്പോൾ ജനാസ നമസ്കരിക്കാൻ പോലും മിർസാ ഖാദിയാനി തയ്യാറായില്ല. ബഹശ്തീ മക്ബറ ഉണ്ടായിരുന്നെങ്കിൽ അയാളെയും അവിടെ അടക്കം ചെയ്യുകയും ഒരു നിഷേധി സ്വർഗത്തിലെത്തുകയും ചെയ്തേനെ!

സ്വാർഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും തെളിഞ്ഞ അടയാളമാണ് മിർസായുടെ ഈ ഉപാധി. ഇതിനെ ആക്ഷേപിക്കുന്നവർ മുനാഫിക്വുകളാണെന്നുകൂടി പറഞ്ഞുകൊണ്ട് അനുയായികളുടെ വായ് മൂടിക്കെട്ടിയിരിക്കുന്നു അയാൾ. 'പ്രവാചക'കുടുംബത്തിൽ ജനിച്ച ഏത് തെമ്മാടിക്കും അപാകവും കണ്ടാൽ വസിയ്യത്ത് റദ്ദ് ചെയ്യും" (തഫ്ഹീമാതെ റബ്ബാനിയ, പേജ് 558-560).

ആക്ഷേപത്തിന് മറുപടി കണ്ടെത്തിയ ഖാദിയാനി ഗ്രന്ഥകാരന്റെ അതിബുദ്ധി അവരെ കൂടുതൽ അപഹാസ്യരാക്കി രക്ഷപ്പെടാനാവാത്ത കുഴിയിൽ ചാടിച്ചിരിക്കുന്നു! ഒരാൾ സ്വർഗത്തിൽ പോകണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് പ്രാദേശിക ജമാഅത്തിലെ രണ്ട് സാധാരണ മനുഷ്യരാണ്! അവരുടെ മാനുഷികവികാരങ്ങളും ചാപല്യങ്ങളും പരിമിതികളും ഇഷ്ടാനിഷ്ടങ്ങളും എത്ര കപടന്മാരെ സ്വർഗത്തിലെത്തിക്കില്ല! എത്ര സത്യവിശ്വാസികളുടെ സൽകർമങ്ങൾ വിഫലമാകില്ല! ഇവിടെ ലൗകികബന്ധങ്ങളും വിദ്വേഷങ്ങളും സ്വാധീനിക്കില്ലെന്നതിന് എന്താണുറപ്പ്? എല്ലാറ്റിനും നിദാനം രണ്ടു മനുഷ്യരുടെ സാക്ഷ്യപത്രങ്ങൾ! അവർ മലക്കുകളല്ലല്ലോ.

അല്ലാഹുവിന്റെ പ്രവാചകനു(സ്വ)പോലും തന്റെകൂടെ നടന്ന കപടവിശാസികളെ അല്ലാഹു അറിയിക്കുന്നതുവരെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. മാനുഷികതയും ദീനാനുകമ്പയുമുള്ള ഒരാൾ തന്റെ ശത്രുവിനെ പോലും ശാശ്വത നരകത്തിലേക്ക് തള്ളിയിടാൻ കൂട്ടുനിൽക്കുമോ? മറുഭാഗത്ത് ആജന്മശത്രുവും ക്രൂരഹൃദയനുമായ ഒരാൾ ഏതു സദ്വൃത്തനും സ്വർഗം നിഷേധിക്കാൻ ധൃഷ്ടനാവില്ലേ?

ഓരോ കോപ്പിവീതം അയച്ചുകൊടുക്കുന്നു:

ബഹശ്തി മക്ബറക്കായി വസിയ്യത്ത് ചെയ്തവരെ സംബന്ധിച്ച സാക്ഷ്യപത്രം

ഖാദിയാൻ, ഗുരുദാസ്പൂർ ജില്ല, പഞ്ചാബ്.

1. .....എന്നയാൾ ശിർക്കും ബിദ്അത്തും ചെയ്യാത്ത മുത്തകിയും ഇസ്‌ലാമിക കർമശാസ്ത്രമനുസരിച്ച് പ്രവർത്തിക്കുന്ന സത്യസന്ധനുമായ മുസ്‌ലിമാണ്. ഇയാൾ റസൂലിൽ വിശ്വാസമർപ്പിച്ചവനും അടിമകളോടുള്ള കടമ നിറവേറ്റുന്നവനും കൈക്കൂലി വാങ്ങാത്തവനും വഞ്ചിക്കാത്തവനും ഇടപാടുകളിൽ സത്യസന്ധനുമാണ്. ഭാര്യയോട് (ഭാര്യമാരോട്) നീതി പുലർത്തുന്നു/ ഭർത്താവിനെ അനുസരിക്കുന്നു എന്ന് എനിക്കറിയാം.

2. താഴെ പറയുന്ന ദീനീ സേവനരംഗത്ത് അഗ്രഗണ്യനാകുന്നു.

..............................................

..............................................

മേൽപറഞ്ഞ സംഗതികൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് അല്ലാഹുവിനെ മുൻനിറുത്തി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യക്കാരന്റെ ഒപ്പും തീയതിയും.

ഈ ഫോറം ഒപ്പിട്ട് കിട്ടിയതിനു ശേഷമെ വസിയ്യത്ത് സ്വീകരിക്കൂ. പിന്നീടും അയാളെ നിരീക്ഷണത്തിന് വിധേയനാക്കും. വല്ല

സ്വർഗം ലഭിക്കുന്ന നിബന്ധന എഴുതിവെച്ചതുപോലും ഇവരെ ചിന്തിപ്പിക്കുന്നില്ല. എന്തുകൊണ്ട് മിർസയെ നിഷേധിച്ചുവെന്ന ചോദ്യത്തിന് ഈയൊരു മറുപടി പറയാമെന്ന ധൈര്യം മതി, അൽപമൊരു ശങ്ക ബാക്കിയുള്ളവർക്ക്.

1982ൽ 'നാലാം ഖലീഫ'യായി മിർസാ ത്വാഹിർ അഹ്മദ് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അനുജൻ ഇതംഗീകരിച്ചില്ല; ബൈഅത്ത് ചെയ്യാൻ വിസമ്മതിച്ചു. അദ്ദേഹത്തെ വീട്ടുതടങ്കലിൽ വെച്ചാണ് ഖലീഫയെ സ്ഥാനാഭിഷേകം ചെയ്തത്. ഖിലാഫത്തിനെ അംഗീകരിക്കാത്തവർ ജമാഅത്തിൽനിന്ന് മാത്രമല്ല ഇസ്‌ലാമിൽ നിന്നും പുറത്താണെന്ന് ഖാദിയാനി മതം പഠിപ്പിക്കുന്നു. എങ്കിൽ പോലും തനിക്ക് സ്വർഗം ഉറപ്പാണെന്ന് മനസ്സിലാക്കുന്നു ഈ പ്രവാചക പൗത്രൻ!

തന്റെ കുടുംബത്തിന് ഈ ഉപാധികളൊന്നും ബാധകമല്ലെന്ന മിർസയുടെ വാക്കുകൾ മുതലെടുത്തുകൊണ്ട് മിർസാ മഹ്മൂദ് അഹ്മദ് എഴുതി: "ഹസ്രത്ത് മസീഹ് മൗഊദ്(അ) തന്റെ കുടുംബത്തിന്റെ ഖബ്റുകൾ വെള്ളിപോലെ തിളങ്ങുന്നതായി കണ്ടുവെന്ന, അൽവസിയ്യത്തിലെ ഇൽഹാമനുസരിച്ച് തന്റെ കുടുംബം മുഴുവൻ മുത്തകിളും സ്വർഗാവകാശികളുമാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു" (അൽഫസൽ, 2.7.1937)

ലാഹോരി ഗ്രന്ഥകാരൻ ഡോ. ബശാറത്ത് അഹ്മദ് ഇതിനെ ഖണ്ഡിക്കുന്നു. തങ്ങളുടെ മുഖ്യശത്രുവായ ഖാദിയാനീ ഖലീഫയും സഹോദരന്മാരും മക്കളും ഈ സൗജന്യ പാസുമായി സ്വർഗത്തിൽ പോകുന്നത് അവർക്ക് സഹിക്കാവുന്നതിനപ്പുറമാണ്; ഖാദിയാനീ വിഭാഗത്തെ ക്രൈസ്തവതുല്യരും നരകാവകാശികളുമാണെന്ന് കരുതുമ്പോൾ വിശേഷിച്ചും!

"അൽ വസിയ്യത്തിലെ മസീഹിന്റെ വാക്കുകളെ ഖാദിയാനീ ഖലീഫ ദുർവ്യാഖ്യാനം ചെയ്യുകയാണ്. മസീഹ് എഴുതി: 'ഒരു മാലാഖ ഒരു ഭൂപ്രദേശം അളന്നുകൊണ്ടിരിക്കുന്നതായി ഞാൻ കണ്ടു. ഒരു പ്രത്യേക സ്ഥാനമെത്തിയപ്പോൾ ഒരു ഖബ്ർ കാണിച്ചുതന്നു. അത് വെള്ളിയെക്കാൾ തിളങ്ങുന്നുണ്ടായിരുന്നു. അതിന്മേൽ വെള്ളിമണ്ണായിരുന്നു നിരത്തിയത്. അത് താങ്കളുടെ ഖബ്റാണെന്ന് മലക്ക് പറഞ്ഞു' (അൽ വസിയ്യത്ത് പേജ് 15). വെള്ളിപോലെ തിളങ്ങിയത് മസീഹിന്റെ ഖബ്ർ മാത്രമാണ്. തന്റെ കുടുംബത്തെ മുഴുവൻ മസീഹ് ഒഴിവാക്കിയത് അവരെല്ലാം മുത്തഖികളായതുകൊണ്ടല്ല; ബഹശ്തീ മഖ്ബറ കുടുംബ ശ്മശാനമെന്ന നിലയ്ക്കായിരുന്നു. മുൻ പ്രവാചകന്മാരുടെ മക്കളിൽ ചിലർ നിഷേധികളും നരകാവകാശികളുമായിരുന്നുവെന്ന ചരിത്രം നമുക്കറിയാം. ഇതൊരു പ്രദേശത്തിന്റെ പേരല്ല; പദ്ധതിയുടെ പേരാണ്. ഉപാധികൾ പാലിക്കേണ്ടാത്തവർക്ക് ഇതൊരു കുടുംബശ്മശാനം മാത്രമാണ്" (മിർഅതുൽ ഇഖ്തിലാഫ്, പേജ് 102-103).

ബഹശ്തീ മഖ്ബറയിൽ അടക്കം ചെയ്താൽ പോലും ഖാദിയാനികളെ സ്വർഗത്തിലെത്താനനുവദിക്കില്ല ലാഹോരികൾ. അതേസമയം യഥാർഥ അഹ്മദികൾ തങ്ങളാണെന്ന് സ്ഥാപിക്കാൻ അൽ വസിയ്യത്തിലെ ഈ സൗജന്യം വലിയൊരായുധമാണ് ഖാദിയാനീ വിഭാഗത്തിന്.

**മഖ്ബറയുടെ ബ്രാഞ്ചുകൾ!**

ലാഹോരികളെ ഒരു കാരണവശാലും ബഹശ്തീ മഖ്ബറയിൽ മറവു ചെയ്യാനനുവദിക്കില്ലെന്ന് ഖലീഫ മഹ്മൂദ് അഹ്മദ് പ്രഖ്യാപിച്ചു. (അൽഫസൽ 19.6.1922). അവർക്ക് സ്വർഗം നിഷേധിക്കുന്നതിന് തുല്യമായിരുന്നു ഇത്. പക്ഷേ, മഖ്ബറക്കും കമ്മിറ്റിക്കും ശാഖകളുണ്ടാക്കാമെന്ന വ്യവസ്ഥ അവരുടെ സഹായത്തിനെത്തുന്നു. ബഹശ്തീ മഖ്ബറയുടെ ലാഹോർ ബ്രാഞ്ച് സ്ഥാപിച്ച് അവർക്ക് സ്വർഗത്തിൽ പോകാം!

1947ൽ ഇന്ത്യാവിഭജനത്തിനു ശേഷം പാകിസ്താനിലേക്ക് പലായനം ചെയ്ത ഖാദിയാനീ ഖലീഫയും അനുയായികളും ചിനിയോട്ടിനടുത്ത് ചിനാബ് നഗറിൽ സ്വന്തമായൊരു നഗരം പടുത്തുയർത്തുകയും അതിന് 'റബ്‌വ' എന്ന് പേരിടുകയും ചെയ്തു. ഒരിക്കലും ഖാദിയാനിലേക്ക് തിരിച്ചുവരാനാവില്ലെന്ന് മനസ്സിലാക്കിയ ഖലീഫ അവിടെ ബഹശ്തീ മഖ്ബറയുടെ ബ്രാഞ്ച് സ്ഥാപിച്ചു. നേരത്തെ പറഞ്ഞ നിബന്ധനകളോടെ വസിയ്യത്ത് ചെയ്ത ഖാദിയാനികളെ അവിടെ മറവുചെയ്യുന്നു. രണ്ടും മൂന്നും

**"ഹസ്രത്ത് മസീഹ് മൗഊദ്(അ) തന്റെ കുടുംബത്തിന്റെ ഖബ്റുകൾ വെള്ളിപോലെ തിളങ്ങുന്നതായി കണ്ടുവെന്ന, അൽവസ്വിയ്യത്തിലെ ഇൽഹാമനുസരിച്ച് തന്റെ കുടുംബം മുഴുവൻ മുത്തഖികളും സ്വർഗാവകാശികളുമാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു'' (അൽഫസൽ, 2.7.1937) ലാഹോരി ഗ്രന്ഥകാരൻ ഡോ. ബശാറത്ത് അഹ്മദ് ഇതിനെ ഖണ്ഡിക്കുന്നു. തങ്ങളുടെ മുഖ്യശത്രുവായ ഖാദിയാനീ ഖലീഫയും സഹോദരന്മാരും മക്കളും ഈ സൗജന്യ പാസുമായി സ്വർഗത്തിൽ പോകുന്നത് അവർക്ക് സഹിക്കാവുന്നതിനപ്പുറമാണ്; ഖാദിയാനീ വിഭാഗത്തെ ക്രൈസ്തവതുല്യരും നരകാവകാശികളുമാണെന്ന് കരുതുമ്പോൾ വിശേഷിച്ചും.**

ഖലീഫമാരെയും ഖാദിയാനികുടുംബത്തിലെ പല പ്രമുഖരെയും അവിടെയാണ് സംസ്കരിച്ചത്.

1984ൽ പാകിസ്ഥാനും ബഹശ്തീ മക്ബറയും റബ്വയും ഒപ്പം ഖാദിയാനി രാഷ്ട്രമെന്ന സ്വപ്നവും ഉപേക്ഷിച്ച് ലണ്ടനിലേക്ക് പലായനം ചെയ്ത നാലാം ഖലീഫ അവിടെയും മക്ബറയുടെ ബ്രാഞ്ച് സ്ഥാപിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്.

**വസ്വിയ്യത്തിന്റെ മാതൃക**

വസിയ്യത്ത് നമ്പർ 14937.

“കൊടിയത്തൂർ സ്വദേശിയും ഇപ്പോൾ പഞ്ചാബ് സംസ്ഥാനത്തെ ഗുരുദാസ്പൂർ ജില്ലയിലെ ഖാദിയാൻ പോസ്റ്റോഫീസ് പരിധിയിൽ താമസക്കാരനും ജന്മനാ അഹ്മദിയുമായ 25 വയസ്സുള്ള, മാപ്പിള സമുദായത്തിൽപെട്ട എം.ഇമ്പിച്ചാലിയുടെ മകൻ നാസർ അഹ്മദ് എന്ന ഞാൻ, ആരുടെയും നിർബന്ധത്താലല്ലാതെ സ്വന്തം ഇഷ്ടപ്രകാരം, സ്വബോധത്തോടെ, 1992 സെപ്തംബർ 13ന് താഴെ പറയും പ്രകാരം വസിയ്യത്ത് ചെയ്യുന്നു:

‘എന്റെ മരണശേഷം എന്റെ സ്ഥാവരജംഗമ സ്വത്തുക്കളുടെ 1/10 ഭാഗത്തിന്റെ ഉടമാവകാശം ഖാദിയാനിലെ സദർ അൻജുമൻ അഹ്മദിയ്യക്കായിരിക്കും. ഇപ്പോൾ എനിക്ക് സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നുമില്ല. ഞാൻ സദർ അൻജുമന്റെ കീഴിൽ 1050 രൂപ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനാണ്. എന്റെ മരണംവരെ ശമ്പളത്തിന്റെ 1/10 ഭാഗം സദ്ർ അൻജുമന് നൽകിക്കൊണ്ടിരിക്കും. ഇനിയും കൂടുതലായി നേടുന്ന സമ്പാദ്യങ്ങളുടെ പൂർണവിവരം യഥാസമയം ബഹശ്തീ മക്ബറ ഓഫീസിൽ അറിയിക്കു ന്നതാണ്. ഈ വസിയ്യത്ത് അതിനും ബാധകമായിരിക്കും. ഈ തിയ്യതിമുതൽ വസിയ്യത്ത് സ്വീകരിക്കണമെന്ന അപേക്ഷയോടെ,

വിനീതൻ

എം.നാസർ അഹ്മദ് ഒപ്പ്

സാക്ഷികൾ

ഒ.എം. മുസമ്മിൽ അഹ്മദ്

ശാഹിദ് അഹ്മദ് ഖാദി”

(ബദർ 14.11.1996).

**സ്വർഗത്തിലേക്കൊരു കുറുക്കുവഴി**

ബഹശ്തീ മക്ബറയുടെ ശ്രേഷ്ഠതകൾ വളരെയാണ്. ‘അൽഫസൽ’ എഴുതിയതുപോലെ ഇതൊരു കുറുക്കുവഴി തന്നെയാണ്.

“ഈ ഇനത്തിൽപെട്ട ഏറ്റവും മഹത്തായ ഒരു ഇൻസ്റ്റിറ്റ്യൂഷനാണ് ബഹശ്തീ മക്ബറ. മറ്റെന്തിനെക്കാളും ശ്രേഷ്ഠമായ അനുഗ്രഹമാണിത്. ആദം(അ) മുതൽ ഇന്നേവരെയുള്ള ആളുകൾ ദാഹിച്ചിരുന്ന ഒരു പദ്ധതി. ആദം ഒന്നാമനെ പിശാച് താൽക്കാലിക സ്വർഗത്തിൽനിന്ന് പുറത്താക്കിയതിന് പരിഹാരമായി ആറായിരം വർഷങ്ങൾക്കുശേഷം ആദം രണ്ടാമൻ മുഖേന മനുഷ്യർക്ക് അല്ലാഹു ശാശ്വത സ്വർഗം തുറന്നുകൊടുത്തു. മുൻ പ്രവാചകന്മാർ തങ്ങളുടെ ഉത്തമ അനുചരന്മാർക്ക് സ്വർഗപ്രവേശം സുവിശേഷമറിയിച്ചു. മസീഹാകട്ടെ സ്വർഗവാതിൽ മലർക്കെ തുറന്നിടുകയാണി ചെയ്തത്. അൽപമൊന്ന് എഴുന്നേറ്റ് നടന്നാൽ മതി സ്വർഗത്തിലെത്താം” (അൽഫസൽ, 15-9-1936).

**ആദം ഒന്നാമനെ പിശാച് താൽക്കാലിക സ്വർഗത്തിൽനിന്ന് പുറത്താക്കിയതിന് പരിഹാരമായി ആറായിരം വർഷങ്ങൾക്കുശേഷം ആദം രണ്ടാമൻ മുഖേന മനുഷ്യർക്ക് അല്ലാഹു ശാശ്വത സ്വർഗം തുറന്നുകൊടുത്തു. മുൻ പ്രവാചകന്മാർ തങ്ങളുടെ ഉത്തമ അനുചരന്മാർക്ക് സ്വർഗപ്രവേശം സുവിശേഷമറിയിച്ചു. മസീഹാകട്ടെ സ്വർഗവാതിൽ മലർക്കെ തുറന്നിടുകയാണി ചെയ്തത്. അൽപമൊന്ന് എഴുന്നേറ്റ് നടന്നാൽ മതി സ്വർഗത്തിലെത്താം” (അൽഫസൽ, 15-9-1936). ഇങ്ങനെയൊക്കെ ആയിട്ടും ജമാഅത്തിൽപെട്ട അനേകം പേർ വസ്വിയ്യത്ത് ചെയ്യാത്തതുകൊണ്ട് അവരെ പ്രലോഭിപ്പിക്കുന്ന പരസ്യങ്ങൾ ഇടയ്ക്കിടെ മുഖപത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്.**

ഇങ്ങനെയൊക്കെ ആയിട്ടും ജമാഅത്തിൽപെട്ട അനേകം പേർ വസ്വിയ്യത്ത് ചെയ്യാത്തതുകൊണ്ട് അവരെ പ്രലോഭിപ്പിക്കുന്ന പരസ്യങ്ങൾ ഇടയ്ക്കിടെ മുഖപത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്.

“ഇന്ന് നിങ്ങൾക്ക് ഹദ്റത്ത് അബൂബക്കറിന്റെയും ഉമറിന്റെയും ശ്രേഷ്ഠത കൈവരിക്കാനുള്ള സുവർണാവസരം കൈവന്നിരിക്കുന്നു. വസ്വിയ്യത്ത് ചെയ്തുകൊണ്ട് നിങ്ങളുടെ മഹാനായ നേതാവിന്റെ പാർശ്വത്തിൽ അന്ത്യവിശ്രമം കൊള്ളാനും തദ്വാരാ സ്വർഗീയാനുഭൂതി കൈവരിക്കാനുമുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കുക. വാഗ്ദത്ത മസീഹ് നബിയുടെ ഖബ്റിൽ സംസ്കരിക്കപ്പെടുമെന്ന സ്വഹീഹായ ഹദീസുകളനുസരിച്ച് ഖാദിയാനിലെ ബഹശ്തീ മക്ബറയിൽ സംസ്കരിക്കപ്പെടുന്നവർ വിശുദ്ധ റൗദാശരീഫിൽ മറവുചെയ്യപ്പെട്ടവർക്ക് തുല്യരത്രെ. അപ്രകാരം അബൂബക്കർ സ്വിദ്ദീഖിന്റെയും ഉമറുൽ ഫാറൂഖിന്റെയും സമശീർഷരാവാൻ ഇന്നുതന്നെ വസിയ്യത്ത് ചെയ്യുക” (അൽഫസൽ, 2-2-1915).

ഖാദിയാനീ പത്രത്തിന്റെ പ്രലോഭനം കണ്ടാൽ സ്വർഗമോഹികൾ വസിയ്യത്ത് ചെയ്ത് ആത്മഹത്യ ചെയ്തുപോകും!



# വഹാബി നവോത്ഥാനം: വിമർശകരും വസ്തുതകളും

**മതത്തെ അതിന്റെ അടിസ്ഥാന തലങ്ങളിലേക്ക് തിരിച്ചുകൊണ്ടുപോകുന്നതിനെയാണ് മതമൗലിക വാദം എന്ന് പറയുന്നത്. പിൽക്കാല നിർമിതവും പ്രമാണവിരുദ്ധവുമായ പുറംമോടികളെ പൊട്ടിച്ചെറിഞ്ഞ് ആദർശത്തെ തൽസ്ഥിതിയിലേക്ക് കൊണ്ടുചെന്നെത്തിക്കാനുള്ള ന്യായമായ പരിശ്രമങ്ങളെ വിമർശനത്തിന്റെ എന്ത് ദുഷ്പേരിട്ട് വിളിച്ചാലും അവഗണിക്കാനേ ദൈവഭയമുള്ളവർക്ക് കഴിയൂ. നിലയ്ക്കാത്ത 'വഹാബീ വിളി'കളിലും 'കാഫിർ ഫത്‌വ'കളിലും മനസ്സ് മടുക്കാതിരിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.**

**ഡോ. ജമാൽ മുഹമ്മദ്**

മതമൗലികവാദം (Fundamentalism) എന്ന സംജ്ഞ നിരന്തരമായും സന്ദർഭങ്ങൾക്കനുയോജ്യമല്ലാതെയും ഉപയോഗിച്ച് യഥാർഥ അർഥവും ഭാവവും നഷ്ടപ്പെട്ടുപോയ സംജ്ഞയാണ്. ഒരു മതത്തിന്റെ, അല്ലെങ്കിൽ വിശ്വാസപ്രമാണത്തിന്റെ മൗലിക സ്വഭാവമെന്താണ്? ലളിതവും ഋജുവുമായ ഭാഷയിൽ പറഞ്ഞാൽ അതിന്റെ അടിസ്ഥാന തത്ത്വങ്ങൾ എന്നാണ് അതുകൊണ്ട് അർഥമാക്കുന്നത്. മാർക്സിസത്തിന്റെ മൗലിക സിദ്ധാന്തങ്ങൾ; കാറൽമാക്സ് 'ദാസ് കാപ്പിറ്റൽ' എന്ന കൃതിയിൽ വിശദീകരിച്ചിട്ടുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതം ചൂഷണവിമുക്തമായ ഒരു സാമൂഹ്യവ്യവസ്ഥിതിയുടെ ഭാഗമായിത്തീരുന്നതിന് അനുവർത്തിക്കേണ്ട ആശയപരവും പ്രായോഗികവുമായ പദ്ധതികളെക്കുറിച്ചുള്ള സിദ്ധാന്തങ്ങളാണ്.

എന്നാൽ ആ സിദ്ധാന്തങ്ങൾ നടപ്പിലാക്കിയെന്നവകാശപ്പെട്ട സോവിയറ്റ് യൂണിയന് അരനൂറ്റാണ്ട്പോലും പിടിച്ചുനിൽക്കുവാൻ കഴിഞ്ഞില്ല. കാരണം കമ്യൂണിസം നടപ്പിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു. അഥവാ അത് അപ്രായോഗികമായ സിദ്ധാന്തങ്ങളായിരുന്നു. അതോടൊപ്പംതന്നെ സോഷ്യലിസ്റ്റ് വിപ്ലവങ്ങളരങ്ങേറിയ രാജ്യങ്ങളുടെ അതേപാത പിന്തുടരുവാനവർ നിർബന്ധിതരായി. കമ്യൂണിസത്തിന്റെ ഈറ്റില്ലമെന്ന് അവകാശപ്പെടുന്ന ഏക രാജ്യമാണ് ചൈന. മുതലാളിത്ത രാജ്യങ്ങളുമായി സാമ്പത്തിക സമരത്തിൽ ഏർപ്പെടേണ്ടിവന്നതുകൊണ്ടാവണം, ആ രാജ്യത്തിനും മുതലാളിത്ത പാതയിലൂടെ ചലിക്കേണ്ടിവരുന്ന അവസ്ഥയിലാണ് എത്തിനിൽക്കുന്നത്.

മതങ്ങളുടെ കാര്യമെടുത്താൽ, വത്തിക്കാൻ ഒഴിച്ചാൽ ക്രിസ്ത്യൻ രാജ്യമാണെന്നവകാശപ്പെടുന്ന രാജ്യങ്ങളൊന്നും തന്നെയില്ല. ക്രിസ്തുമതാ



നുയായികൾക്ക് മൃഗീയഭൂരിപക്ഷമുള്ള യൂറോപ്യൻ രാജ്യങ്ങളിലൊന്നുംതന്നെ ക്രിസ്തുമതത്തിന്റെ മൗലികസിദ്ധാന്തങ്ങൾ ജീവിതത്തിൽ പരിപാലിക്കുന്ന സാമൂഹ്യവ്യവസ്ഥിതി പിന്തുടരുന്നില്ല. അങ്ങനെ പിന്തുടരുന്നതായി അവർ അവകാശപ്പെടുന്നുമില്ല. യേശുക്രിസ്തുവിന്റെ ജന്മദിനമാഘോഷിക്കുന്നത് മദ്യപാനോത്സവങ്ങളിലൂടെയാണ്. ഇത്തരം ആഘോഷങ്ങളിൽ നിരവധിപ്പേർക്ക് മദ്യലഹരിയിൽ ജീവിതമവസാനിപ്പിക്കേണ്ടിവരുന്നുണ്ട്. ക്രിസ്തുമതത്തിന്റെ സമസൃഷ്ടിസ്നേഹവും ലാളിത്യവും പരസ്പര വിശ്വാസവും ത്യാഗവും ബഹുഭൂരിപക്ഷം വിശ്വാസികളും ജീവിതത്തിൽ പകർത്തുന്നതിൽ വിമുഖരാണ്.

ഹിന്ദുമതത്തിലെ ജാതിസമ്പ്രദായത്തെയും സാമൂഹ്യദുരാചാരങ്ങളെയും വിമർശിച്ചുകൊണ്ട് അതിൽനിന്നുള്ള ശാശ്വതമോചനമെന്നുള്ള നിലയിലാണ് ബുദ്ധമതം ഉയർന്നുവന്നത്. 'അഹിംസ പരമോധർമ' എന്ന സിദ്ധാന്തമായിരുന്നു ബുദ്ധമതത്തിന്റെ മൗലികമായ അടിത്തറ. എന്നാൽ ശ്രീലങ്കയിൽ നടന്ന പതിനായിരങ്ങളുടെ വംശഹത്യക്ക് നേതൃത്വം നൽകിയത് ബുദ്ധമത വിശ്വാസികളായിരുന്നു. റോഹിങ്ക്യൻ മുസ്‌ലിംകളെ അവരുടെ ജന്മഭൂമിയിൽനിന്നും നിഷ്ക്കാസിതരാക്കിയതു മാത്രമല്ല, പതിനായിരക്കണക്കിന് സ്ത്രീകളെയും ഇളം പൈതലുകളെയും കൊലപ്പെടുത്തുകയും സ്ത്രീകളെ അതിക്രൂരമായി ബലാത്സംഗത്തിനിരയാക്കുകയും ചെയ്തത് ബുദ്ധമത വിശ്വാസികളാണ്. അവർ ബുദ്ധമതത്തിന്റെ മൗലികമായ ആദർശങ്ങളെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഇത്രയേറെ മുസ്‌ലിംകളെ കൊന്നൊടുക്കുവാനും വീടുകൾ ചുട്ടെരിക്കുവാനും നിരവധി പൈതങ്ങളെ അനാഥരാക്കിത്തീർക്കുവാനും കഴിയുമായിരുന്നോ?

**മദീനാപട്ടണം കേന്ദ്രീകരിച്ച് പ്രവാചകന്റെ(സ്വ) നേതൃത്വത്തിലാരംഭിച്ച ഖിലാഫത്ത് ഇസ്‌ലാമിക നിയമങ്ങൾക്കനുസൃതമായി, പരിപൂർണമായും അതിന്റെ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഉറച്ചുനിന്നുകൊണ്ടുള്ള ഭരണമാണ് നടത്തിയത്. ഒരു വിശ്വാസ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ പൂർണമായും ഉറച്ചുനിന്നുകൊണ്ട് ഭരണം നടത്തുവാൻ കഴിഞ്ഞ ആദ്യത്തെ സമ്പൂർണ രാഷ്ട്രം മദീനയിലെ ഇസ്‌ലാമിക രാഷ്ട്രമാണ്; ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഭരണ സംവിധാനം. പ്രവാചകന്റെ കാലശേഷം ഇസ്‌ലാമിക ശൂറയുടെ (കൂടിയാലോചന) അടിസ്ഥാനത്തിലാണ് പുതിയ ഭരണാധികാരിയെ (ഖലീഫയെ) തെരഞ്ഞെടുത്തത്. മുസ്‌ലിം നിയമവ്യവസ്ഥക്കനുസൃതമായ ഭരണമാണ് തുടർന്നുമുണ്ടായത്.**

മതത്തിന്റെ മൗലിക സിദ്ധാന്ത ങ്ങളിലേക്ക് മടങ്ങിപ്പോവുകയെന്നു പറഞ്ഞാൽ അതിനോടനുബന്ധിച്ച് പിൽക്കാലത്തുണ്ടായിട്ടുള്ള അനാചാരങ്ങളിലേക്ക് തിരിച്ചുപോവുകയെന്ന തെറ്റായ അർഥവും വ്യാഖ്യാനവുമാണ് ഇന്ന് നൽകപ്പെട്ടിട്ടുള്ളത്. മദീനാപട്ടണം കേന്ദ്രീകരിച്ച് പ്രവാചകന്റെ(സ്വ) നേതൃത്വത്തിലാരംഭിച്ച ഖിലാഫത്ത് ഇസ്‌ലാമിക നിയമങ്ങൾക്കനുസൃതമായി, പരിപൂർണമായും അതിന്റെ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഉറച്ചുനിന്നുകൊണ്ടുള്ള ഭരണമാണ് നടത്തിയത്. ഒരു വിശ്വാസ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ പൂർണമായും ഉറച്ചുനിന്നുകൊണ്ട് ഭരണം നടത്തുവാൻ കഴിഞ്ഞ ആദ്യത്തെ സമ്പൂർണ രാഷ്ട്രം മദീനയിലെ ഇസ്‌ലാമിക രാഷ്ട്രമാണ്; ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഭരണസംവിധാനം. പ്രവാചകന്റെ കാലശേഷം ഇസ്‌ലാമിക ശൂറയുടെ (കൂടിയാലോചന) അടിസ്ഥാനത്തിലാണ് പുതിയ ഭരണാധികാരിയെ (ഖലീഫയെ) തെരഞ്ഞെടുത്തത്. മുസ്‌ലിം നിയമവ്യവസ്ഥക്കനുസൃതമായ ഭരണമാണ് തുടർന്നുമുണ്ടായത്.

പാരമ്പര്യാധിഷ്ഠിതമായ ഒരു ഭരണ കൈമാറ്റമല്ല അവിടെ നടന്നതെന്ന് വ്യക്തമാണ്. ഭരണാധികാരികളായിരുന്ന അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ), അലിയ്യ്(റ) എന്നീ ഖലീഫമാരെല്ലാം തികച്ചും ഇസ്‌ലാമിക സംവിധാനത്തിലാണ് ഭരണനിർവഹണം നടത്തിയത്. ഖലീഫയായിരുന്ന അലിയ്യ്(റ) വധിക്കപ്പെട്ടതോടേ ഇസ്‌ലാമിക ഭരണക്രമം അതിന്റെ തനതായരീതിയിൽനിന്നും വ്യതിചലിക്കാൻ ആരംഭിച്ചു. തുടർന്നുവന്ന സുൽത്താന്മാർ പിന്തുടർച്ചാവകാശ ക്രമമനുസരിച്ചാണ് ഭരണം നടത്തിയത്. ഇസ്‌ലാമിക ഭരണക്രമത്തിൽനിന്നുള്ള വ്യതിയാനങ്ങളും ഇതിനിടയിൽ പ്രത്യക്ഷപ്പെട്ടു. ഇസ്‌ലാമിന്റെ മൗലീകമായ തത്ത്വങ്ങളിൽനിന്നുമുള്ള വ്യതിയാനവും ഇതിന്നിടയിൽ പ്രകടമായിത്തുടങ്ങി. പ്രൗഢമായ രാജകീയ അലങ്കാര ജീവിതം, അധികാര കേന്ദ്രീകരണം തുടങ്ങിയ വ്യാപകമായ പരിവർത്തനങ്ങൾക്കും സമൂഹം സാക്ഷ്യംവഹിച്ചു.

**ഇസ്‌ലാമിക സമൂഹത്തിൽ ഭ്രംശനങ്ങൾ സംഭവിക്കുമ്പോൾ അതിനെ ശരിയായ ദിശയിലേക്ക് വഴിതിരിച്ചുവിടുകയും യഥാർഥ തൗഹീദിന്റെ മാർഗത്തിലേക്ക് അവരെ തിരികെയെത്തിക്കുകയും ചെയ്യുന്ന 'മുജദ്ദിദുകളുടെ' ദൗത്യവും സേവനവും എല്ലാ നൂറ്റാണ്ടുകളിലും ഇവിടെ ഇടതടവില്ലാതെ നടന്നുകൊണ്ടിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ഈ ദൗത്യം ഏറ്റെടുത്ത് നിർവഹിച്ച ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബിന് ലോകവ്യാപകമായി മുസ്‌ലിംകൾ അപചയത്തിൽ ജീവിക്കുന്നതായി ബോധ്യപ്പെട്ടു അദ്ദേഹം അതിനെതിരിൽ പ്രതികരിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ ഭരണാധികാരിയുടെ പിന്തുണ അദ്ദേഹം നേടിയെടുക്കുകയും ചെയ്തു. മുഹമ്മദ് നബി(സ്വ) പ്രചരിപ്പിച്ച ഇസ്‌ലാമിലേക്കാണ് അദ്ദേഹം ജനങ്ങളെ ക്ഷണിച്ചത്. അല്ലാഹുവിനും പ്രവാചകനുമിടയിൽ ചൂഷകമാരായി നിലയുറപ്പിച്ച ഇടനിലക്കാരെ നിഷ്‌ക്കാസനം ചെയ്യുവാനാണ് അദ്ദേഹം പ്രധാനമായും ഉത്ബോധിപ്പിച്ചത്.**

രാഷ്ട്രീയമേഖലയിലുണ്ടായ പരിവർത്തനങ്ങൾക്ക് സമാന്തരമായി സാമൂഹ്യജീവിതത്തിലും ഇസ്‌ലാമിക തത്ത്വങ്ങളിൽനിന്നും വിഭിന്നമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും കടന്നുവന്നു. വ്യക്തികൾക്കും അധികാരകേന്ദ്രങ്ങൾക്കുമുണ്ടായ വർധിതമായ പ്രാധാന്യം ഏകാധിപത്യപ്രവണതകളിലേക്ക് നയിച്ചു. ഭരണാധികാ



രികൾക്ക് ദൈവികമായ പരിവേഷങ്ങൾ ദുർവ്യാഖ്യാനിച്ച് നൽകുന്ന പുതിയരീതികളും പ്രത്യക്ഷപ്പെട്ടു. സാമൂഹ്യജീവിതത്തിലും ഇതിന്റെ പ്രതിഫലനങ്ങൾ പ്രത്യക്ഷപ്പെട്ടു. ഭരണാധികാരികൾക്കൊപ്പം പ്രവർത്തിച്ചുവന്ന മതനേതാക്കൾക്ക് ഉന്നത പരിവേഷങ്ങൾ നേടിയെടുക്കാൻ ഇതിലൂടെ സാധ്യമായി. ഇസ്‌ലാമിക സങ്കൽപങ്ങളിൽനിന്നും തികച്ചും വിഭിന്നമായതും ചിലപ്പോൾ വിരുദ്ധമായതുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ശക്തമായിത്തീർന്നു.

ജനജീവിതത്തിലും ഇസ്‌ലാമിക വിരുദ്ധമായ പ്രവണതകൾ വ്യാപകമായി. മുസ്‌ലിം സാമൂഹ്യജീവിതത്തിലും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് കടകവിരുദ്ധമായ ആരാധനാരീതികൾ വ്യാപകമാകുവാൻ തുടങ്ങി. രാഷ്ട്രീയവും മതപരവും സാമ്പത്തികവുമായ ഘടകങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഇസ്‌ലാമിക ജീവിതത്തിന്റെ അധഃപതനത്തിന്റെ ആരംഭവുമായിരുന്നു അത്.

ഇസ്‌ലാമിക സമൂഹത്തിൽ ഭ്രംശനങ്ങൾ സംഭവിക്കുമ്പോൾ അതിനെ ശരിയായ ദിശയിലേക്ക് വഴിതിരിച്ചുവിടുകയും യഥാർഥ തൗഹീദിന്റെ മാർഗത്തിലേക്ക് അവരെ തിരികെയെത്തിക്കുകയും ചെയ്യുന്ന 'മുജദ്ദിദുകളുടെ' ദൗത്യവും സേവനവും എല്ലാ നൂറ്റാണ്ടുകളിലും ഇവിടെ ഇടതടവില്ലാതെ നടന്നുകൊണ്ടിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ഈ ദൗത്യം ഏറ്റെടുത്ത് നിർവഹിച്ച ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്(റഹ്) ഇന്നത്തെ റിയാദിനടുത്തുള്ള ഉയയ്നയിലാണ് ജനിച്ചത്. ക്രി:1703ൽ ജനിച്ച അദ്ദേഹം പ്രാദേശിക പണ്ഡിതന്മാരിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി. ശേഷം മദീനയിലെത്തി. തുടർന്ന് ഇറാൻ-ഇറാക്ക് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ലോകവ്യാപകമായി മുസ്‌ലിംകൾ അപചയത്തിൽ ജീവിക്കുന്നതായി ബോധ്യപ്പെട്ട ഇബ്നു അബ്ദുൽ വഹാബ് അതിനെതിരിൽ പ്രതികരിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ ഭരണാധികാരിയുടെ പിന്തുണ അദ്ദേഹം നേടിയെടുക്കുകയും ചെയ്തു. മുഹമ്മദ് നബി(സ്വ) പ്രചരിപ്പിച്ച ഇസ്‌ലാമിലേക്കാണ് അദ്ദേഹം ജനങ്ങളെ ക്ഷണിച്ചത്. അല്ലാഹുവിനും പ്രവാചകനുമിടയിൽ ചൂഷകമാരായി നിലയുറപ്പിച്ച ഇടനിലക്കാരെ നിഷ്കാസനം ചെയ്യുവാനാണ് അദ്ദേഹം പ്രധാനമായും ഉത്ബോധിപ്പിച്ചത്.

**പ്രവാചകന്റെ കേശമെന്നവകാശപ്പെട്ട് വിശ്വാസികളുടെ പ്രവാചകസ്നേഹത്തെ ചൂഷണം ചെയ്യുന്ന സംഘടിത ചൂഷകസംഘങ്ങൾ അരങ്ങുതകർക്കുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഇത്തരം ഇസ്‌ലാമികവിരുദ്ധ ചൂഷണങ്ങളെ ചൂണ്ടിക്കാട്ടുകയും അതിനെ വിമർശിക്കുകയും ചെയ്യുന്നവരെയും 'വഹാബികൾ' എന്നാണ് ചിലർ വിശേഷിപ്പിക്കുന്നത്. അപ്പോൾ തൗഹീദിലേക്കുള്ള മടക്കയാത്രയെ ഇത്തരമാളുകൾ എങ്ങനെയാണ് വീക്ഷിക്കുന്നതെന്നുള്ള വസ്തുതയാണ് തിരിച്ചറിയാനുള്ളത്. മൗലികമായ ആശയത്തിലേക്കുള്ള തിരിച്ചുപോക്ക് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. കാരണം ദൈവികമായ നിർമാണപ്രക്രിയയായിട്ടാണ് പരിശുദ്ധ ക്വുർആൻ അവതരിച്ചത്.**

'മതമൗലികവാദ'മെന്ന പ്രയോഗം അർഥലോപം സംഭവിച്ച് ഒരു 'സാമൂഹ്യവിരുദ്ധ പ്രവർത്തന'മെന്ന നിലയിലേക്ക് അധഃപതിച്ചിരിരുന്നു. മതത്തിന്റെ അടിസ്ഥാന സത്തയിൽനിന്നും വിഭിന്നമായി പല ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസികളുടെയിടയിൽ പ്രചരിച്ചിട്ടുണ്ട്. അവ പലപ്പോഴും പ്രാദേശികമായ ആചാരങ്ങളിൽനിന്നും സ്വഭാവങ്ങളിൽനിന്നും രൂപപ്പെട്ടുവരുന്നതാണ്. ആദ്യകാലത്തെ ഖലീഫമാരുടെ കാലശേഷം ഇസ്‌ലാമിലും ഇത്തരം പ്രവണതകൾ ശക്തിപ്രാപിച്ചുവന്നു. ഇത്തരം സ്വഭാവങ്ങളിൽനിന്നും ഇസ്‌ലാമിക സമൂഹത്തെ മോചിപ്പിക്കുവാനുള്ള ശ്രമങ്ങൾക്കാണ് ഇബ്നു അബ്ദുൽ വഹാബ് തുടക്കമിട്ടത്. അദ്ദേഹത്തിന്റെ പരിശ്രമങ്ങളുടെ യാഥർഥ്യം മനസ്സിലാക്കിയ ആലുസ്സുഊദ് രാജവംശം അദ്ദേഹത്തിനാവശ്യമായ പിന്തുണ നൽകി.

തൗഹീദിന് വിരുദ്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഹിജാസിൽ വിരോധിക്കപ്പെട്ടു. തുടർന്നുവന്ന ഭരണാധികാരികളെല്ലാം ഇതേ നയംതന്നെ പിന്തുടർന്നു. ഇതേ നിലപാട് ഇന്നും തുടർന്നുവരുന്നു.ഹജ്ജിനും ഉംറക്കുമായി എത്തുന്ന സന്ദർശകർ ബദ്ർ, ഉഹുദ്, ബക്വീഅ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും എന്തെങ്കിലും അവശിഷ്ടങ്ങളോ മറ്റോ ശേഖരിക്കുകയോ അതിന് പവിത്രത കൽപിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാചകന്റെ കേശമെന്നവകാശപ്പെട്ട് വിശ്വാസികളുടെ പ്രവാചകസ്നേഹത്തെ ചൂഷണം ചെയ്യുന്ന സംഘടിത ചൂഷകസംഘങ്ങൾ അരങ്ങുതകർക്കുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകത

യാണ്. ഇത്തരം ഇസ്‌ലാമികവിരുദ്ധ ചൂഷണങ്ങളെ ചൂണ്ടിക്കാട്ടുകയും അതിനെ വിമർശിക്കുകയും ചെയ്യുന്നവരെയും 'വഹാബികൾ' എന്നാണ് ചിലർ വിശേഷിപ്പിക്കുന്നത്. അപ്പോൾ തൗഹീദിലേക്കുള്ള മടക്കയാത്രയെ ഇത്തരമാളുകൾ എങ്ങനെയാണ് വീക്ഷിക്കുന്നതെന്നുള്ള വസ്തുതയാണ് തിരിച്ചറിയാനുള്ളത്. മൗലികമായ ആശയത്തിലേക്കുള്ള തിരിച്ചുപോക്ക് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. കാരണം ദൈവികമായ നിർമാണപ്രക്രിയയായിട്ടാണ് പരിശുദ്ധ ക്വുർആൻ അവതരിച്ചത്. എല്ലാ കാലങ്ങളിലേക്കും എല്ലാ ദേശങ്ങളിലേക്കും എക്കാലത്തേക്കും അനുയോജ്യമായതാണ് അതിലെ ആശയങ്ങൾ.

ഇസ്‌ലാം മറ്റുള്ള ചിന്താധാരകളിൽനിന്നും മതങ്ങളിൽനിന്നും വ്യത്യസ്തമാകുന്ന കാര്യങ്ങളിൽ പ്രധാനമായ ഒന്ന് അതിന്റെ മൗലിക സ്വഭാവങ്ങൾ എല്ലാകാലങ്ങളിലേക്കും അനുയോജ്യമായതാണ് എന്നതാണ്. ഈയൊരു സവിശേഷതയുള്ള മറ്റൊരു വിശ്വാസ സംഹിതയും ഇന്നുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല. രാജ്യങ്ങൾ വ്യത്യസ്തമാകുന്നതുകൊണ്ട്, ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾ ആ രാജ്യങ്ങളുടെ സ്വഭാവങ്ങൾക്കനുസരിച്ച് രൂപപരിണാമങ്ങൾക്ക് വിധേയമാകുന്നില്ല. മനുഷ്യസമൂഹത്തെ ആമകാനം ഒരു മൂലകമായിട്ടാണ് അത് വിഭാവനം ചെയ്യുന്നത്. അതുപോലെതന്നെ കാലഘട്ടം മാറുന്നതിനനുസരിച്ച് അടിസ്ഥാന തത്ത്വങ്ങളിൽ യാതൊരു മാറ്റവും സംഭവിക്കുന്നില്ല. ക്വുർആനിന്റെ ആധികാരികമായ പതിപ്പിന് ഭാഷാപരമായും ആശയപരമായും പ്രായോഗികമായും യാതോരു വ്യത്യാസവുമില്ല.

മറ്റെല്ലാ മതഗ്രന്ഥങ്ങൾക്കും ഉള്ളടക്കത്തിലും പ്രതിപാദനത്തിലും കാല-രാജ്യ-സ്വഭാവങ്ങൾക്കനുസരിച്ച് മാറ്റങ്ങളുണ്ടായിട്ടുണ്ട്. ബൈബിളിലും രാമായണത്തിലും ബുദ്ധമത ഗ്രന്ഥങ്ങളിലും ഇത്തരം വിഭിന്ന ഭാവങ്ങൾ കണ്ടെത്താൻ കഴിയും. ആധികാരികമായ ഒരു സ്വഭാവം അവകാശപ്പെടാൻ കഴിയാത്ത നിലയിലാണ് മിക്ക വിശ്വാസ പ്രമാണങ്ങളുടെയും മൂലഗ്രന്ഥങ്ങൾ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളത്. കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അവയുടെ പൊതുസ്വഭാവമാണ്. അത്തരം കാലാനുസൃതവും പ്രാദേശികവുമായുണ്ടാകുന്ന പരിവർത്തനങ്ങൾ തികച്ചും സ്വാഭാവികമായി പരിഗണിക്കുകയും ചെയ്യുന്നു. മൗലികസ്വഭാവമെന്നുള്ളത് അവരെ സംബന്ധിച്ചിടത്തോളം പ്രസക്തവുമല്ല.


> **ഇസ്‌ലാം മറ്റുള്ള ചിന്താധാരകളിൽനിന്നും മതങ്ങളിൽനിന്നും വ്യത്യസ്തമാകുന്ന കാര്യങ്ങളിൽ പ്രധാനമായ ഒന്ന് അതിന്റെ മൗലിക സ്വഭാവങ്ങൾ എല്ലാകാലങ്ങളിലേക്കും അനുയോജ്യമായതാണ് എന്നതാണ്. ഈയൊരു സവിശേഷതയുള്ള മറ്റൊരു വിശ്വാസ സംഹിതയും ഇന്നുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല. രാജ്യങ്ങൾ വ്യത്യസ്തമാകുന്നതുകൊണ്ട്, ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾ ആ രാജ്യങ്ങളുടെ സ്വഭാവങ്ങൾക്കനുസരിച്ച് രൂപപരിണാമങ്ങൾക്ക് വിധേയമാകുന്നില്ല. മനുഷ്യസമൂഹത്തെ ആമകാനം ഒരു മൂലകമായിട്ടാണ് അത് വിഭാവനം ചെയ്യുന്നത്.**


ഇസ്‌ലാമിനെ അതിന്റെ ആദിമകാലത്തുണ്ടായിരുന്ന പരിശുദ്ധിയിലേക്ക് തിരികെയെത്തിക്കുവാൻ വേണ്ടി പരിശ്രമിച്ചവരുടെ കൂട്ടത്തിൽ അദ്വിതീയ സ്ഥാനമാണ് വക്കം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി(റഹ്)ക്കുള്ളത്. കേരളീയ സമൂഹത്തിൽ കഴിഞ്ഞുപോയിട്ടുള്ള സാമൂഹ്യ പരിഷ്‌ക്കർത്താക്കളിൽനിന്നും വക്കം മൗലവിയെ വേറിട്ടുനിർത്തുന്ന ചില പ്രകടമായ സവിശേഷതകളുണ്ട്. അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ സാർവലൗകിക സ്വഭാവമുള്ളതായിരുവെന്നത് ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. മറ്റുള്ളവരാകട്ടെ കേരളത്തിന്റെ മണ്ണിലുറച്ചുനിന്നുകൊണ്ട് ചുറ്റുപാടുകളോട് പ്രതികരിക്കുകയും പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകയും ചെയ്തപ്പോൾ, വക്കം മൗലവി വിശ്വമാനവികതയെന്ന ആശയത്തിലേക്ക് ഉയരുകയായിരുന്നു.

ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, കെ.എം.മൗലവി, സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ, സയ്യിദ് ഹമദാനി തങ്ങൾ എന്നിവരെല്ലാം അവരവരുടെ മേഖലകളിൽ നിർണായകമായ സംഭാവനകൾ നൽകി. വക്കം മൗലവിയാകട്ടെ സ്വന്തം പ്രവർത്തനമേഖലയിൽ ആജീവനാന്തം സജീവമായിരുന്നതിലുപരിയായി, ലോക മുസ്‌ലിം ആശയത്തിലേക്ക് ഉയരുവാൻ ശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ ഒരു പ്രത്യേക ജനവിഭാഗത്തിന്റെയോ രാജ്യത്തിന്റെയോ അതിർത്തികൾക്കുള്ളിൽ ഒതുക്കിനിർത്തുവാനുള്ളതായിരുന്നില്ല. അതിന്റെ പരമമായലക്ഷ്യം ലോകമെമ്പാടുമുള്ള എല്ലാവിഭാഗം മനുഷ്യരുടെയും ആത്മീയവും ഭൗതികവുമായ പുരോഗതിയാണ്. മൗലവിയുടെ പ്രവർത്തനമേഖല പ്രാദേശികമായിരുന്നുവെങ്കിലും വീക്ഷണം സാർവലൗകികമായിരുന്നു. അതിനദ്ദേഹത്തെ പ്രാപ്തനാക്കിയത് പരന്ന വായനയും വിശ്വമാനവികതയാർജിക്കാൻ കഴിഞ്ഞ വ്യക്തിത്വങ്ങളുടെ ആശയങ്ങളുമായുള്ള നിറഞ്ഞ സമ്പർക്കവുമാണ്.

സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി, മുഹമ്മദ് അബ്ദു, അൽമനാർ പത്രാധിപർ സയ്യിദ് റഷീദ് രിദ, സർ അല്ലാമാ മുഹമ്മദ് ഇഖ്ബാൽ, സർ സയ്യിദ് അഹ്മദ് ഖാൻ, സയ്യിദ് സുലൈമാൻ നദ്‌വി, ശിബ്‌ലി

നുമ്മാനി തുടങ്ങിയ പ്രഗത്ഭ പ്രതിഭകളുടെ ആശയങ്ങളും പ്രവർത്തനരീതികളും അദ്ദേഹത്തെ ആകർഷിക്കുകയും അവരുടെ നിലവാരത്തിലേക്ക് സ്വയം ഉയരുവാൻ ശ്രമിക്കകയും ചെയ്തതുകൊണ്ടാണ് വക്കം മൗലവിയുടെ പ്രവർത്തനങ്ങൾ കേരളത്തിലെ സമകാലീനരായ സാമൂഹ്യ പരിഷ്ക്കർത്താക്കളിൽ നിന്നും വിഭിന്നമായിത്തീർന്നത്. അറബി, പേർഷ്യൻ, ഉർദു, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യം നേടിയ അദ്ദേഹത്തിന് ആ ഭാഷകളിൽ ലഭിക്കാവുന്ന എല്ലാ ഗ്രന്ഥങ്ങളും ആനുകാലികങ്ങളും കണ്ടെത്തി വായിക്കുവാൻ കഴിഞ്ഞു. വാർത്താവിനിമയ സൗകര്യങ്ങൾ തികച്ചും പരിമിതമായിരുന്നുവെങ്കിലും അന്ന് ലഭിക്കുന്ന എല്ലാ മാർഗങ്ങളുമുപയോഗിച്ച് പരമാവധി പുസ്തകങ്ങൾ തേടിപ്പിടിച്ച് വായിക്കുവാൻ അദ്ദേഹം കാണിച്ച അനാദൃശ്യമായ അഭിവാഞ്ജ അത്ഭുതപ്പെടുത്തുന്നതാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വ വികാസത്തിൽ മുമ്പ് സൂചിപ്പിച്ച പ്രതിഭാധനന്മാരുടെ ജീവിതവും ആശയങ്ങളും ശക്തമായ സ്വാധീനം ചെലുത്തി.

പാൻ ഇസ്‌ലാമിസം എന്ന ആശയത്തിന്റെ വക്താവായിരുന്ന ജമാലുദ്ദീൻ അഫ്ഗാനി തന്റെ പ്രവർത്തനം ഒരു രാജ്യത്തിനുള്ളിൽ ഒതുക്കിനിർത്തിയില്ല. കാരണം ഇസ്‌ലാം ഒരു രാജ്യാതിർത്തിക്കുള്ളിൽ ഒതുക്കിനിർത്തുവാൻ കഴിയുന്ന ആദർശമല്ല. റഷ്യയിലുണ്ടായ ഭൗതീക വിപ്ലവത്തെ തുടർന്ന് അവിടെയുള്ള മുസ്‌ലിംകൾ തീർത്തും നഷ്ടപ്പെടുവാൻ സാധ്യതയുണ്ടായിരുന്ന ആരാധനാവകാശങ്ങൾ ഒരളവോളം നിലനിർത്തുവാൻ കഴിഞ്ഞത് സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയുടെ പ്രവർത്തനങ്ങളുടെ ഫലം കാരണമായിരുന്നു. അതുകൊണ്ടാണ് റഷ്യൻ ഭരണസംവിധാനം തകർന്നടിഞ്ഞപ്പോൾ എതാനും സ്വതന്ത്ര മുസ്‌ലിം രാഷ്ട്രങ്ങൾ അവിടെ പിറന്നുവീണത്.

അഫ്ഗാനിയിൽ ആകൃഷ്ടനാകാൻ മൗലവിയെ പ്രേരിപ്പിച്ച ചില സവിശേഷ സ്വഭാവങ്ങൾ ഉണ്ടായിരുന്നു. വിജ്ഞാന സമ്പാദനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അദമ്യമായ അഭിനിവേശമായിരുന്നു അതിൽ സുപ്രധാനം. സ്വയം സമ്പാദിച്ച വിജ്ഞാനം യുവതലമുറക്ക് പകർന്നുകൊടുക്കുന്നതിൽ അഫ്ഗാനി പ്രകടിപ്പിച്ച ആവേശവും ആത്മാർഥതയും അദ്വിതീയമായിരുന്നു. പ്രസിദ്ധീകരണങ്ങളിലൂടെ തന്റെ ആശയങ്ങൾ വിശ്വവ്യാപകമാക്കിതീർക്കുന്നതിലും അദ്ദേഹം വിജയിച്ചു. പ്രാസംഗികനെന്നുള്ള നിലയിലും യൂറോപ്യൻ വേദികളിലും തന്റെ പ്രാഗത്ഭ്യം തെളിയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അഫ്ഗാനി സഞ്ചരിച്ച അതേപാതയിലൂടെ പരിമിതമായ തോതിലെങ്കിലും സഞ്ചരിക്കുവാനാണ് വക്കം മൗലവി ശ്രമിച്ചത്. ഇസ്‌ലാമിനെ അതിന്റെ തനതായ രൂപത്തിലും ഭാവത്തിലും അവതരിപ്പിക്കുന്നതിൽ അഫ്ഗാനി കാണിച്ച അതേ ആവേശത്തോടെയാണ് വക്കം മൗലവിയും പ്രവർത്തിച്ചത്.



**പാൻ ഇസ്‌ലാമിസം എന്ന ആശയത്തിന്റെ വക്താവായിരുന്ന ജമാലുദ്ദീൻ അഫ്ഗാനി തന്റെ പ്രവർത്തനം ഒരു രാജ്യത്തിനുള്ളിൽ ഒതുക്കിനിർത്തിയില്ല. കാരണം ഇസ്‌ലാം ഒരു രാജ്യാതിർത്തിക്കുള്ളിൽ ഒതുക്കിനിർത്തുവാൻ കഴിയുന്ന ആദർശമല്ല.**

പ്രശസ്ത പണ്ഡിതനും തത്വചിന്തകനുമായ ഇമാം ഗസ്സാലി(റഹ്) യാണ് വക്കം മൗലവിയെ സ്വാധീനിച്ച മറ്റൊരു മഹാനായ വ്യക്തി. ശക്തമായ ആധ്യാത്മികചിന്ത, തീവ്രമായ അന്വേഷണത്വര; ഈ രണ്ട് സവിശേഷസ്വഭാവങ്ങൾക്ക് വിധേയനായിരുന്നു ഇമാംഗസ്സാലി (റഹ്). പലപ്പോഴുംഅദ്ദേഹത്തിന് ലഭിച്ച സ്ഥാനമാനങ്ങളെല്ലാം പരിത്യജിച്ച് അദ്ദേഹം ആധ്യാത്മികചിന്തയിൽ വ്യാപൃതനായി. ലൗകീക ജീവിതത്തിന് അമിതപ്രാധാന്യം നൽകാത്ത ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വിജ്ഞാനം തേടിയുള്ള യാത്രയിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രതിബന്ധങ്ങൾ അദ്ദേഹത്തിന് കൂടുതൽ പ്രചോദനം നൽകി. സമ്പത്ത് എന്ന മോഹം അദ്ദേഹത്തിന്റെ ചിന്തയിൽ പ്രസക്തമല്ലായിരുന്നു. ഈ സവിശേഷതകളെല്ലാം തന്നെ വക്കം മൗലവിയുടെ ജീവിതത്തിലും പ്രകടമായി കാണുവാൻ കഴിഞ്ഞിരുന്നു.

ഈജിപ്തിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന ‘അൽമനാർ’ എന്ന അറബി മാസികയും അതിന്റെ പത്രാധിപർ സയ്യിദ് റഷീദ്‌രിദയുമാണ് വക്കംമൗലവിയുടെ പത്രപ്രവർത്തനത്തെ സ്വാധീനിച്ച രണ്ട് ഘടകങ്ങൾ. സയ്യിദ് റഷീദ് രിദയുമായി മൗലവി നിരന്തരമായി നടത്തിയ കത്തിടപാടുകൾ കേരളത്തിലെ നവോത്ഥാന പ്രക്രിയയെ എങ്ങനെയാണ് സ്വാധീനിച്ചത് എന്ന വിഷയത്തിൽ ഒരു ഗവേഷണം നടക്കേണ്ടത് അനിവാര്യമാണ്. അറബ്‌ലോകത്ത് അന്ന് പ്രകടമായിക്കൊണ്ടിരുന്ന പുതുചലനങ്ങൾ ചൂടുംചൂരും നശിക്കാതെ കേരളത്തിൽ പ്രയോഗികവൽക്കരിക്കപ്പെടുന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ഇൻഫർമേഷൻ ടെക്നോളജി ഇത്രയേറെ വികസ്വരമായിത്തീർന്ന അത്യാധുനിക യുഗത്തിൽപ്പോലും അത്രയേറെ സജീവമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ

കഴിയുന്നില്ലേയെന്ന് സംശയിക്കുന്നതിൽ അത്ഭുതം തോന്നുന്നില്ല.

നമുക്ക് പൂർണമായും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു അപൂർവ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വക്കം മൗലവി. 59 വയസ്സുവരെ മാത്രമെ അദ്ദേഹം ജീവിച്ചിട്ടുള്ളു. പക്ഷേ, ചെയ്തുകൂട്ടിയ കർമങ്ങളും നേടിയെടുത്ത വിജയങ്ങളും നിരവധി മനുഷ്യായുസ്സുകൾ കൊണ്ടുമാത്രം ചെയ്തുതീർക്കാൻ സാധ്യമാകുന്ന കാര്യങ്ങളാണ്. യാത്രാസംവിധാനങ്ങൾ ഒട്ടുമില്ലാതിരുന്ന അക്കാലത്ത് അദ്ദേഹം നിരന്തരമായ യാത്രകളിൽ ഏർപ്പെട്ടു. അഞ്ചുതെങ്ങിൽ നിന്നും വള്ളത്തിൽ കയറിയും കാൽനടയായുംഅദ്ദേഹം ദിനേന തിരുവനന്തപുരത്തെത്തിയാണ് സ്വദേശാഭിമാനിയുടെ പ്രസിദ്ധീകരണത്തിന് വേണ്ടി പ്രവർത്തിച്ചത്. മുസ്‌ലിം ഐക്യസംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കൊടുങ്ങല്ലൂരിൽ അദ്ദേഹത്തിന്റെ സാന്നിധ്യം സജീവമായിരുന്നു.

തിരുവിതാംകൂറിൽ സംഘടന കെട്ടിപ്പെടുക്കുന്നതിനും യുവാക്കളെ സജീവമായി ദീനി പ്രവർത്തനങ്ങളിലേക്കാകർഷിക്കന്നതിനും വേണ്ടി അദ്ദേഹം നിരന്തരം യോഗങ്ങൾ സംഘടിപ്പിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കാൻ സമ്പന്നരെ ബോധവൽക്കരിക്കുകയും നിർബന്ധിക്കുകയും ചെയ്തു. ഈ തിരക്കുകൾക്കിടയിലാണ് പ്രസിദ്ധീകരണ രംഗത്ത് അദ്ദേഹം കൈവരിച്ച നേട്ടങ്ങൾ. സ്വദേശാഭിമാനിയെന്ന പത്രം സമുദായ നവോത്ഥാനത്തിനുവേണ്ടി മാത്രമല്ല, തിരുവിതാംകൂറിൽ നിലനിന്നിരുന്ന രാജഭരണത്തിന്റെയും ദിവാൻ ഭരണത്തിന്റെയും ഏകാധിപത്യത്തിനെതിരെയുള്ള പോരാട്ടംകൂടിയായിരുന്നു. അദ്ദേഹമാരംഭിച്ച എല്ലാ പ്രസിദ്ധീകരണങ്ങളും സാമ്പത്തികമായി അദ്ദേഹത്തെ തകർത്തു. സ്വദേശാഭിമാനി നിരോധിക്കപ്പെട്ടു. പ്രസ്സ് സർക്കാർ കണ്ടുകെട്ടി. മുസ്‌ലിം, ദീപിക, അൽഇസ്‌ലാം എന്നീ പ്രസിദ്ധീകരണങ്ങളെല്ലാം സാമ്പത്തിക ബാധ്യത കാരണം അടച്ചുപൂട്ടേണ്ടിവന്നു. പരമ്പരാഗതമായി കിട്ടിയ സമ്പത്ത് പൂർണമായും പൊതുപ്രവർത്തനത്തിനു വേണ്ടി വിനിയോഗിക്കേണ്ടിവന്നു. ഇതെല്ലാം നഷ്ടപ്പെട്ടതിൽ അൽപമെങ്കിലും ദുഃഖിക്കുവാനോ അവ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളിലേർപ്പെടാനോ അദ്ദേഹംതുനിയാതിരുന്നത് ഏറെ അത്ഭുതകരമാണ്. അവിശ്വസനീയമായ ഒരു യാഥാർഥ്യമാണത്.

**പ്രാദേശികമായി നിലനിൽക്കുന്ന ചില പാരമ്പര്യ സ്വഭാവങ്ങളിൽനിന്നും മുക്തി നേടുവാൻ പ്രയാസമനുഭവിക്കുന്നത് സ്വാഭാവികമാണ്. വിമർശകരാണ് സ്വാഗതം ചെയ്യുന്നവരെക്കാൾ എപ്പോഴും കൂടുതൽ. പ്രവാചകന്മാർക്കും ഇതേ അനുഭവങ്ങളായിരുന്നു. സമൂഹത്തിൽ ശക്തിപ്രാപിച്ചതുകൊണ്ടു മാത്രം ദുഷിച്ച ആചാരാനുഷ്ഠാനങ്ങളെ തുടരാനനുവദിച്ചാൽ അത് മനുഷ്യപുരോഗതിയെ തടസ്സപ്പെടുത്തുകയാണ് ചെയ്യുക. അത്തരം എതിർപ്പുകളെ അതിജീവിക്കുവാനുള്ള ശ്രമങ്ങളാണ് വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കുന്നത്. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ സഹനതയോടെ കേൾക്കുവാനും അതിൽ സത്യമുണ്ടെങ്കിൽഅത് അംഗീകരിക്കുവാനുമുള്ള വിശാല മനസ്സ് അന്യമായിക്കൊണ്ടിരിക്കുകയാണ്.**

കുടുംബ സ്വത്തും സ്വാർജിത സമ്പത്തും പൂർണമായും സാമുദായിക സേവനത്തിനായി ചെലവഴിച്ച അദ്ദേഹം അവസാനത്തെ നാളുകളിൽ സാമ്പത്തിക പ്രയാസങ്ങൾക്ക് വിധേയനായിരുന്നു. സംതൃപ്തിയോടെയാണ് അദ്ദേഹം 59ാമത്തെ വയസ്സിൽ വിടവാങ്ങിയത്. ആഗ്രഹിച്ചതെല്ലാം പൂർണമായും സമുദായത്തിനും സമൂഹത്തിനും നൽകുവാൻ കഴിഞ്ഞില്ലല്ലോയെന്ന ചിന്ത അദ്ദേഹത്തെ അലട്ടിയിട്ടുണ്ടാവും.

വക്കം മൗലവി തുടങ്ങിവച്ച മുസ്‌ലിം നവോത്ഥാനത്തിന്റെ പാത പിന്തുടർന്ന് മലബാറിൽ പ്രവർത്തിച്ചത് കെ.എം.മൗലവിയായിരുന്നു. മുസ്‌ലിം ഐക്യസംഘത്തിന്റെ പ്രവർത്തനത്തിലൂടെയാണ് അവർ പരസ്പരം കൂടുതൽ ബന്ധപ്പെട്ടത്. മലബാറിൽ ശക്തമായിരുന്ന പൗരോഹിത്യത്തിനെതിരിൽ ആഞ്ഞടിച്ചുകൊണ്ടാണ് കെ.എം. മൗലവി പ്രവർത്തിച്ചത്. വിശുദ്ധ ഖുർആൻ പരിഭാഷപ്പെടുത്തി, അതിന്റെ ആശയങ്ങൾ സാധാരണക്കാരുടെയിടയിൽ പ്രചരിപ്പിക്കുന്നതിന് വടക്കെ മലബാറിൽ നേതൃത്വം നൽകിയത് മൗലവി സാഹിബായിരുന്ന. വക്കം മൗലവി തുടങ്ങിവച്ച മേഖലകളിലെല്ലാം കെ.എം.മൗലവി സജീവമായി പ്രവർത്തിച്ചു. 1922-ലെ ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് മലബാറിൽ കെ.എം.മൗലവിക്കെതിരെ അറസ്റ്റ്‌വാറണ്ട് പ്രഖ്യാപിക്കപ്പെട്ടപ്പോൾ, ഏറെ നാൾ അദ്ദേഹം തിരുവനന്തപുരത്ത് വക്കം മൗലവിയുടെ ഭവനത്തിൽ താമസിക്കുകയുണ്ടായി. കേരളത്തിലെ മുസ്‌ലിം നവോത്ഥാന ചരിത്രത്തിൽ വക്കം മൗലവിയുടെ മലബാറിലെ പൂരണമായിരുന്നു മഹാനായ കെ.എം. മൗലവി സാഹിബ്. ഉത്തമനായ മുൻഗാമിക്ക് ഏറ്റവും അനുയോജ്യനായ പിൻഗാമി.

ആശയപരമായ അഭിപ്രായാന്തരങ്ങളുണ്ടാവുന്നത് ചിന്തിക്കുന്നവരുടെയിടയിൽ സ്വാഭാവികമാണല്ലോ. എന്നാൽ വ്യത്യസ്ത ചിന്താഗതി വച്ചുപുലർത്തുന്നവരോട് അസഹിഷ്ണുത ഭാവിക്കുകയും അത് പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്യുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തുന്നവരു

മുണ്ട്. അവർ വാദപ്രതിവാദങ്ങൾക്ക് തയ്യാറാവുകയില്ല. വ്യത്യസ്താഭിപ്രായമുള്ളവരെ പരസ്യമായി അധിക്ഷേപിക്കുക, അസംതൃപ്തി പ്രകടിപ്പിക്കുക, വീണുകിട്ടുന്ന അവസരങ്ങളൊക്കെ അതിനു വേണ്ടി ഉപയോഗിക്കുക... ഇത്തരക്കാരിൽനിന്നും എനിക്ക് ചില അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മറ്റ് മതവിഭാഗങ്ങളിൽ ഉള്ളവരുൾപ്പെടെയുള്ള ഒരു പ്രസംഗവേദിയിൽ വച്ച് ഞാൻ പ്രസംഗത്തിനിടയിൽ തിരുവിതാംകൂറിലുണ്ടായ മുസ്‌ലിം നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായി വിദ്യാഭ്യാസരംഗത്ത് സമുദായത്തിലുണ്ടായ മുന്നേറ്റങ്ങളെക്കുറിച്ച് പരാമർശിച്ചപ്പോൾ, ആ പുരോഗതിക്ക് വക്കം മൗലവിയുടെ പ്രവർത്തനങ്ങൾ വളരെയേറെ സഹായകരമായിരുന്നുവെന്ന് ഞാൻ പറഞ്ഞു.

അത് ഒരു പ്രകോപനപരമായ പ്രസ്താവനയല്ല. എനിക്ക് ശേഷം പ്രസംഗിക്കുവാനുള്ള മറ്റൊരാളുടെ അവസരം ചോദിച്ചുവാങ്ങി, എനിക്ക് മറുപടി പറയാൻ വേണ്ടി മാത്രം ഒരു യുവപ്രസംഗകൻ മൈക്കിന്റെ മുന്നിലെത്തി. അയാൾ പറഞ്ഞുതുടങ്ങിയത് തന്നെ ഇപ്രകാരമാണ്: 'എനിക്ക് മുൻപ് പ്രസംഗിച്ച മാന്യദേഹം പറഞ്ഞ ചില കാര്യങ്ങൾക്ക് മറുപടി പറയാതിരുന്നാൽ അതൊരു സമുദായ ദ്രോഹമായിരിക്കുമെന്നുള്ളതു കൊണ്ടാണ് ഞാൻ എന്റെ വാക്കുകൾ ആരംഭിക്കുന്നത്. തിരുവിതാംകൂറിൽ വഹാബിസം പ്രചരിപ്പിക്കുകവഴി വക്കം അബ്ദുൽഖാദറിനെപ്പോലെയുള്ളവർ സമുദായത്തെ വഴിതെറ്റിക്കുകയാണുണ്ടായത്...' ഇങ്ങനെ തുടങ്ങി, അയാളുടെ പ്രസംഗം നാൽപത് മിനുട്ടുകളോളം തുടർന്നു. എന്തോ ഒരു വലിയകാര്യം ചെയ്തുതീർത്ത സംതൃപ്തിയോടെയാണ് അയാൾ പ്രസംഗം അവസാനിപ്പിച്ചത്.

പ്രാദേശികമായി നിലനിൽക്കുന്ന ചില പാരമ്പര്യ സ്വഭാവങ്ങളിൽനിന്നും മുക്തി നേടുവാൻ പ്രയാസമനുഭവിക്കുന്നത് സ്വാഭാവികമാണ്. വിമർശകരാണ് സ്വാഗതം ചെയ്യുന്നവരെക്കാൾ എപ്പോഴും കൂടുതൽ. പ്രവാചകന്മാർക്കും ഇതേ അനുഭവങ്ങളായിരുന്നു. സമൂഹത്തിൽ ശക്തി പ്രാപിച്ചതുകൊണ്ടു മാത്രം ദുഷിച്ച ആചാരാനുഷ്ഠാനങ്ങളെ തുടരാനനുവദിച്ചാൽ അത് മനുഷ്യപുരോഗതിയെ തടസ്സപ്പെടുത്തുകയാണ് ചെയ്യുക. അത്തരം എതിർപ്പുകളെ അതിജീവിക്കുവാനുള്ള ശ്രമങ്ങളാണ് വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കുന്നത്. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ

**മഹത്തായ ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങളെ കാലാതീതമായി, അതിന്റെ മൗലികമായ സവിശേഷതകളോടെ സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾക്കാണ് ഇബ്നു അബ്ദുൽവഹാബ് തുടക്കമിട്ടത്. മതമൗലികവാദമെന്ന പ്രയോഗംതന്നെ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. കാരണം അടിസ്ഥാന പ്രമാണങ്ങളിൽ മാറ്റംവരുത്തുന്ന ഒരു പ്രത്യയശാസ്ത്രമല്ല ക്വുർആനിലൂടെ അവതീർണമായിട്ടുള്ളത്. പ്രാദേശിക ആചാരാനുഷ്ഠാനങ്ങളിലൂടെയും സ്ഥലകാലങ്ങൾക്കനുസരിച്ചുള്ള പരിവർത്തനങ്ങളിലൂടെയും കടന്നുപോകുന്ന പ്രക്രിയകൾക്ക് വിധേയമാകുവാൻ ക്വുർആനിന് കഴിയുകയില്ല.**

സഹനതയോടെ കേൾക്കുവാനും അതിൽ സത്യമുണ്ടെങ്കിൽഅത് അംഗീകരിക്കുവാനുമുള്ള വിശാല മനസ്സ് അന്യമായിക്കൊണ്ടിരിക്കുകയാണ്.

ലോകം മുഴുവൻ സസൂക്ഷ്മം വീക്ഷിക്കുന്ന ഇസ്‌ലാമിലെ ആധുനിക പ്രവണതകളെ തികച്ചും അസ്വസ്ഥ ജനകമായ ദിശകളിലേക്ക് നയിക്കുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് കാണുവാൻ കഴിയുന്നത്. പാശ്ചാത്യൻ രാജ്യങ്ങളിൽ ഇസ്‌ലാമിൽ അഭയം കണ്ടെത്തുന്നവന്നവടെ എണ്ണം അനുദിനം വർധിക്കുകയാണ്. അത്തരം വ്യക്തികളിൽ പോലും സംശത്തിന്റെ വിത്തുകൾ വിതക്കുന്ന രീതിയിലുള്ള സാഹചര്യങ്ങളാണ് നിലവിൽ 'ഇസ്‌ലാമിക്സ്റ്റേറ്റ്' പോലെയുള്ള പ്രസ്ഥാനങ്ങളിലൂടെ പ്രകടമാകുന്നത്.

മഹത്തായ ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങളെ കാലാതീതമായി, അതിന്റെ മൗലികമായ സവിശേഷതകളോടെ സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾക്കാണ് ഇബ്നു അബ്ദുൽവഹാബ് തുടക്കമിട്ടത്. മതമൗലികവാദമെന്ന പ്രയോഗം തന്നെ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. കാരണം അടിസ്ഥാന പ്രമാണങ്ങളിൽ മാറ്റംവരുത്തുന്ന ഒരു പ്രത്യയശാസ്ത്രമല്ല ക്വുർആനിലൂടെ അവതീർണമായിട്ടുള്ളത്. പ്രാദേശിക ആചാരാനുഷ്ഠാനങ്ങളിലൂടെയും സ്ഥലകാലങ്ങൾക്കനുസരിച്ചുള്ള പരിവർത്തനങ്ങളിലൂടെയും കടന്നുപോകുന്ന പ്രക്രിയകൾക്ക് വിധേയമാകുവാൻ ക്വുർആനിന് കഴിയുകയില്ല.

ആരെങ്കിലും സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ ക്വുർആനിലെ വചനങ്ങളിൽ എന്തെങ്കിലും മാറ്റമോ ദുർവ്യാഖ്യാനമോ നടത്തിയാൽ അയാൾ ചെയ്യുന്നത് കൊടും പാതകമാണെന്നും അല്ലാഹുവിന്റെ കഠിനമായ ശിക്ഷക്ക് അയാൾ ഇരയാകുമെന്നും ഇബ്നു അബ്ദുൽവഹാബ് ഉദ്ബോധിപ്പിച്ചു. ■

# ഹജ്ജിനൊരുങ്ങി പുണ്യനഗരികൾ

**നബീൽ പയ്യോളി**
: 9446378716

ഒരേ മന്ത്രധ്വനികളുമായി ലക്ഷക്കണക്കിന് മനുഷ്യർ ഒരുമിക്കുന്ന മഹാസംഗമത്തിന് സാക്ഷിയാവുകയാണ് പുണ്യനഗരികൾ. ധനികരും ദരിദ്രരുമായല്ല, ഏകനായ നാഥന്റെ അടിമകളായി, പ്രാർഥനാനിരതമായ മനസ്സുമായാണ് വിശ്വാസി സമൂഹം പുണ്യനഗരികളിൽ സംഗമിക്കുന്നത്. ഓർമവെച്ച നാൾമുതൽ കേട്ടുതുടങ്ങിയതാണ് 'കഅ്ബ' എന്ന വാക്ക്. നമസ്കാരത്തിൽ മുഖം തിരിക്കുന്നത് അതിന്റെ നേർക്കാണെന്ന് ചെറുപ്പത്തിലേ പഠിച്ചതാണ്. ആ വിശുദ്ധ ഗേഹം കാണുക എന്ന മോഹം സഫലീകരിക്കുവാനും പാപങ്ങൾ പശ്ചാത്താപത്തിലൂടെ കഴുകിക്കളഞ്ഞ്, സ്വീകാര്യയോഗ്യമായ ഹജ്ജ് ചെയ്ത്, മാതാവിന്റെ ഉദരത്തിൽനിന്നും പിറന്നുവീണ കുഞ്ഞിന്റെ നിർമല മനസ്സുമായി മടങ്ങാനുമുള്ള ആഗ്രഹം ഏതൊരു വിശ്വാസിയുടെയും മനസ്സിലുള്ളതാണ്. ഈ ആഗ്രഹ പൂർത്തീകരണത്തിന് കോടിക്കണക്കിന് അപേക്ഷകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുപത് ലക്ഷം വിശ്വാസികളാണ് ഈ മഹാസംഗമത്തിനായി പുണ്യനഗരികളിൽ എത്തിച്ചേർന്നിട്ടുള്ളത്. വർണ, വർഗ, ഭാഷ, വേഷ വൈജാത്യങ്ങൾ അപ്രസക്തമാക്കി ശുഭ്രവസ്ത്ര ധാരികളായ പുരുഷന്മാരും ഹിജാബ് ധരിച്ച സ്ത്രീകളും ആകാശത്തേക്ക് കൈകളുയർത്തി മനമുരുകി പ്രാർഥിക്കുന്നത് ഏകനായ സ്രഷ്ടാവിനോട് മാത്രമാണ്. പാപങ്ങളെല്ലാം പൊറുക്കപ്പെട്ട് സ്വർഗാവകാശിയാവുക എന്നതാണ് ഓരോരുത്തരുടെയും ഉള്ളിലുള്ള അടങ്ങാത്ത ആഗ്രഹം.





**വിശ്വാസികളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹപൂർത്തീകരണത്തിന് സാക്ഷ്യം വഹിക്കാൻ പുണ്യനഗരികൾ സർവസജ്ജമായിക്കഴിഞ്ഞു. കോവിഡിന് ശേഷമുള്ള ഏറ്റവും വലിയ ഹജ്ജ് തീർഥാടനമാണ് ഈ വർഷം നടക്കുന്നത്. ലോകത്തെ വിവിധ രാജ്യങ്ങളിൽനിന്നായി 20 ലക്ഷം തീർഥാടകരാണ് ഇത്തവണ ഹജ്ജിന് എത്തുന്നത്. അതിൽ രണ്ട് ലക്ഷം പേർ സുഊദിയിൽ താമസിക്കുന്നവരാണ്. ആയിരം ഫലസ്തീൻ പൗരന്മാർക്ക് സൗജന്യമായി ഹജ്ജ് നിർവഹിക്കാനുള്ള അവസരം ഇത്തവണ ലഭിച്ചിട്ടുണ്ട്. 2021ൽ പത്ത് ലക്ഷം വിശ്വാസികളാണ് ഹജ്ജ് നിർവഹിച്ചത്.**

ശക്തമായ ചൂടാണ് സുഊദി അറേബ്യയിലിപ്പോൾ; 40 മുതൽ 50 ഡിഗ്രിവരെ. ഹജ്ജിനെത്തുന്ന വിശ്വാസികൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കിയാണ് അല്ലാവുവിന്റെ അതിഥികളെ സുഊദി ഭരണകൂടം സ്വീകരിക്കുന്നത്. ശീതീകരിച്ച തമ്പുകളും താമസസ്ഥലങ്ങളും യാത്രാസൗകര്യങ്ങളുമാണ് ലഭ്യമാവുക. കടുത്ത ചൂടിൽനിന്നും ആശ്വാസമേകാൻ കുടകളും സൗജന്യമായി വിവിധ കമ്പനികൾ നൽകാറുണ്ട്. സദാസമയവും ചെറിയ കുളിരേകി ജലാംശം പ്രവഹിപ്പിക്കുന്ന സംവിധാനങ്ങൾ വഴിയിലുടനീളം കാണാം; കുളിരേകും കാഴ്ചകൾ.

'ഇരു ഹറമുകളുടെ സേവകൻ' എന്നാണ് സുഊദി രാജാവിന്റെ സ്ഥാനപ്പേര്. ഈ സ്ഥാനപ്പേരിനെ അന്വർഥമാക്കും വിധം വിശ്വാസിസമൂഹത്തിന് പരമാവധി സൗകര്യങ്ങൾ ഒരുക്കാനും ആധുനിക സാങ്കേതിക വിദ്യയുടെയും ലോകത്തെ മികച്ച വിദഗ്ധരുടെയും സേവനങ്ങൾ പുണ്യഗേഹങ്ങളുടെ വികസനത്തിൽ ഉപയോഗപ്പെടുത്താനും സുഊദി ഭരണാധികാരികൾ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. എന്നും എപ്പോഴും ഉണർന്നിരിക്കുന്ന ഇരു ഹറമുകൾ, ഏറ്റവും നല്ല ശബ്ദ, വെളിച്ച, ഗതാഗത സംവിധാനങ്ങൾ. സദാ സേവന സന്നദ്ധരായ ഉദ്യോഗസ്ഥർ, സേവകർ. ലക്ഷക്കണക്കിന് വിശ്വാസികൾ ആരാധനാകർമങ്ങൾക്ക് എത്തിക്കൊണ്ടേയിരിക്കുന്നുണ്ടെങ്കിലും ഹറമുകളും പരിസരവും എപ്പോഴും വൃത്തിയുള്ളതായിരിക്കും. ശൗച്യാലയങ്ങളും അങ്ങനെ തന്നെ. ജനലക്ഷങ്ങളുടെ അണമുറിയാത്ത സാന്നിധ്യമുള്ള ഇടങ്ങൾ എങ്ങനെ മനോഹരമായി നിലനിർത്താൻ സാധ്യമാവും എന്നതിന്റെ പാഠപുസ്തകം കൂടിയാണീ പുണ്യനഗരികൾ. ആളുകൂടിയാൽ ബഹളവും അരക്ഷിതത്വവും നിറയുന്ന ലോകത്ത് വിശ്വാസിസമൂഹം എത്ര സുരക്ഷിതവും ശാന്തവുമായാണ് ഒത്തുകൂടുന്നതെന്ന് കൂടി ലോകം പഠിക്കേണ്ടതുണ്ട്. അങ്ങനെ അനേകം മാതൃകകൾ പുണ്യഭൂമികളിൽനിന്നും ലോകത്തിന് പഠിക്കാനുണ്ട്.

വിശ്വാസികളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹപൂർത്തീകരണത്തിന് സാക്ഷ്യം വഹിക്കാൻ പുണ്യനഗരികൾ സർവസജ്ജമായിക്കഴിഞ്ഞു. കോവിഡിന് ശേഷമുള്ള ഏറ്റവും വലിയ ഹജ്ജ് തീർഥാടനമാണ് ഈ വർഷം നടക്കുന്നത്. ലോകത്തെ വിവിധ രാജ്യങ്ങളിൽനിന്നായി 20 ലക്ഷം തീർഥാടകരാണ് ഇത്തവണ ഹജ്ജിന് എത്തുന്നത്. അതിൽ രണ്ട് ലക്ഷം പേർ സുഊദിയിൽ താമസിക്കുന്നവരാണ്. ആയിരം ഫലസ്തീൻ പൗരന്മാർക്ക് സൗജന്യമായി ഹജ്ജ് നിർവഹിക്കാനുള്ള അവസരം ഇത്തവണ ലഭിച്ചിട്ടുണ്ട്. 2021ൽ പത്ത് ലക്ഷം വിശ്വാസികളാണ് ഹജ്ജ് നിർവഹിച്ചത്.

ഹാജിമാർക്ക് സേവനങ്ങൾ നൽകാൻ നൂറുകണക്കിന് കമ്പനികളാണ് സുഊദി ഹജ്ജ് ആന്റ് ഉംറ മന്ത്രാലയത്തിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നത്. ഹാജിമാർ കബളിപ്പിക്കപ്പെടാതിരിക്കാനും സേവനങ്ങളുടെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്താനും ശക്തമായ നിബന്ധനകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഹജ്ജ് സേവന കമ്പനികൾ പ്രവർത്തിക്കുന്നത്. തീർഥാടകരുടെ ആവശ്യാനുസരണം വിവിധ കാറ്റഗറിയിലുള്ള സേവനങ്ങൾ ലഭ്യമാണ്. ഹാജിമാരുടെ രജിസ്ട്രേഷൻ സമയത്ത് അവർക്ക് ഇഷ്ടമുള്ള സേവനദാതാക്കളെ തെരഞ്ഞെടുക്കാൻ സാധിക്കും. യാത്ര പുറപ്പെടുന്നതുമുതൽ തിരിച്ച് പോകുന്നതുവരെയുള്ള മുഴുവൻ സൗകര്യങ്ങളും അവരുടെ പാക്കേജിൽ ഉൾപ്പെടും;

യാത്ര, ഭക്ഷണം, താമസസൗകര്യങ്ങൾ തുടങ്ങിയവയെല്ലാം.

ഹാജിമാർ ഉപയോഗപ്പെടുത്തുന്ന, സുഊദിയിലെ 73000 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളുടെ ഉപയോഗക്ഷമതയും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ വിദഗ്ധരുടെ സംഘത്തിന്റെ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സർവകലാശാല വിദ്യാർഥികൾ, ഹൈവേ പോലീസ്, പൊതുഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെയും സഹായത്തോടെയാണ് ക്രമീകരണങ്ങൾ നടക്കുന്നത്. ഡ്രോണുകളുടെ സഹായത്തോടെയുള്ള നിരീക്ഷണങ്ങളും സാങ്കേതികവിദ്യകളുടെ സഹായവും അപകടരഹിതവും സുരക്ഷിതവുമായ തീർഥാടനകാലം ഉറപ്പുവരുത്താൻ ഗതാഗത വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്.

അതിന് പുറമെ ഹജ്ജ് സീസണിൽ ഹറമൈൻ ട്രെയിനുകൾ 34000ൽ അധികം സർവീസുകൾ നടത്തും. ഹജ്ജിന്റെ ഭാഗമായി വിശ്വാസികൾക്ക് വിവിധ സ്ഥലങ്ങളിലേക്ക് യാത്രചെയ്യാൻ ആവശ്യമായ ഗതാഗത സൗകര്യങ്ങൾ കുറ്റമറ്റ രീതിയിൽ ഒരുക്കിയിട്ടുണ്ട്. ഓരോ വിഭാഗത്തിനും സമയക്രമം നൽകിയാണ് ഹജ്ജുമായി ബന്ധപ്പെട്ട മുഴുവൻ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുള്ളത്. അത് കൃത്യമായി പാലിക്കാൻ ഹാജിമാർ തയ്യാറാവണം.

ഹജ്ജിന്റെ ദിനങ്ങളിൽ ഹാജിമാർ തങ്ങുന്ന മിനാ താഴ്വരയിൽ ശീതീകരിച്ച ടെന്റുകൾ (തമ്പുകൾ) പൂർണ സജ്ജമായിക്കഴിഞ്ഞു. അഗ്നിരക്ഷാ ഉപകരണങ്ങൾ അടക്കം തീർഥാടകർക്ക് സുഗമവും സുരക്ഷിതവുമായ ഹജ്ജ് നിർവഹിക്കാൻ ആവശ്യമായ മുഴുവൻ സൗകര്യങ്ങളും മിന താഴ്വരയിൽ ഒരുക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ സമയം ഹജ്ജുമായി ബന്ധപ്പെട്ട് വിശ്വാസികൾ ചെലവഴിക്കുന്നത് മിനയിലാണ്. ഒരു ലക്ഷത്തിലധികം ശീതീകരിച്ച തമ്പുകളാണ് മിന താഴ്വരയിലുള്ളത്. അതുകൊണ്ട് തന്നെ തമ്പുകളുടെ നഗരം എന്നാണ് മിന




അറിയപ്പെടുന്നത്. 2.6 ദശലക്ഷത്തിലധികം ആളുകളെ ഉൾക്കൊള്ളാൻ കഴിയും വിധം 2.5 ദശലക്ഷം ചതുരശ്ര മീറ്റർ വിസ്തൃതിയുണ്ട് മിനക്ക്.

'ഹജ്ജ് അറഫയാണ്' എന്ന പ്രവാചക വചനത്തിൽനിന്നും അറഫാദിനത്തിന്റെ പ്രാധാന്യം വ്യക്തമാണ്. നമിറ പള്ളിയിൽ നടക്കുന്ന അറഫ പ്രസംഗത്തിന് സുഊദി പണ്ഡിതസഭാംഗം നേതൃത്വം നൽകും. പ്രവാചകൻ (സ്വ) തന്റെ ആദ്യത്തെതും അവസാനത്തെതുമായ ഹജ്ജ് കർമത്തിന്റെ ഭാഗമായി അറഫയിൽ നടത്തിയ പ്രഭാഷണം ഇസ്‌ലാമിന്റെ പൂർത്തീകരണത്തിന്റെ പ്രഖ്യാപനംകൂടിയായിരുന്നു. ഈ സ്ഥലത്തു സ്ഥിതി ചെയ്യുന്ന നമിറ പള്ളി വർഷത്തിൽ ഒരിക്കൽ മാത്രമാണ് തുറക്കപ്പെടുന്നത്. അറഫാ ദിനത്തിൽ നടക്കുന്ന ഖുത്ബക്കും തുടർന്ന് ദുഹ്ർ, അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിക്കാനും വേണ്ടി മാത്രം. നമിറ പള്ളിയിൽ ഏകദേശം നാലു ലക്ഷം വിശ്വാസികളെ ഉൾകൊള്ളാൻ സാധിക്കും. അറഫ മൈതാനത്തും അറഫയിലെ നമിറ പള്ളിയിലുമായാണ് ഹജ്ജിനെത്തുന്ന മുഴുവൻ വിശ്വാസികളും അറഫ ദിനത്തിൽ ചെലവഴിക്കുന്നത്.

ലോക വിശ്വാസിസമൂഹവും പൊതുസമൂഹവും കാതോർക്കുന്ന പ്രഭാഷണമാണ് അറഫയിൽ നടക്കുന്നത്. അറബി ഭാഷയിൽ നടക്കുന്ന ഖുത്ബ തത്സമയം 14 ഭാഷകളിൽ കേൾക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കും.

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ശക്തമായ നിരീക്ഷണ സംവിധാങ്ങളാണ് നടപ്പിലാക്കുന്നത്. മൊബൈൽ ലബോറട്ടറിയടക്കം ആധുനിക പരിശോധനാ സംവിധാനങ്ങൾ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്താൻ സജ്ജമാക്കിയിട്ടുണ്ട്. ഹജ്ജ് പദ്ധതികൾ സുഗമമായി നടപ്പിലാക്കാൻ 22000 പേരെ വിവിധ ജോലികൾക്കായി തെരഞ്ഞെടുത്തിട്ടുണ്ടെന്ന് മക്ക നഗരസഭാ അധികൃതർ അറിയിച്ചിട്ടുണ്ട്. 24 മണിക്കൂറും സർവസജ്ജരായ വളണ്ടിയർമാരും ഉദ്യോഗസ്ഥരും ഈ രംഗത്തുണ്ട്. ഈ വർഷം ഹജ്ജ് തീർഥാടകർക്ക് അവരുടെ താമസസ്ഥലത്ത് സംസം ബോട്ടിലുകൾ എത്തിക്കാനുള്ള പദ്ധതി ഇലക്ട്രോണിക് പ്ലാറ്റ്ഫോം വഴി ഒരുക്കിയിട്ടുണ്ട്.

ഹജ്ജിന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും എളുപ്പവുമാക്കാൻ വേണ്ടി തുടങ്ങിയ പദ്ധതിയാണ് 'റോഡ് മക്ക.' തീർഥാടകർക്ക് ഇലക്ട്രോണിക് വിസ



**വിശുദ്ധ നഗരങ്ങൾ സന്ദർശിക്കുക, ഉംറയോ ഹജ്ജോ ചെയ്യുക എന്നത് നമ്മുടെയൊക്കെ സ്വപ്നമാണ്. മുമ്പത്തെപ്പോലെ ഉംറ വിസ ലഭിക്കാനുള്ള പ്രയാസങ്ങൾ ഇന്നില്ല, എളുപ്പത്തിൽ കാര്യങ്ങൾ നടക്കും. അതിന് ആഗ്രഹമുണ്ടാവുക എന്നതാണ് പ്രധാനം. ഉംറയോ ഹജ്ജോ ചെയ്യാൻ സാമ്പത്തികശേഷിയുണ്ടാ യിട്ടും മറ്റു തടസ്സങ്ങളൊന്നുമില്ലാതിരുന്നിട്ടും അതിനോട് വിമുഖത കാട്ടുന്ന ചിലരെങ്കിലുമുണ്ട്. അത് ശിക്ഷാർഹമായ കാര്യമാണ്. ലക്ഷക്കണക്കിന് രൂപ നമ്മൾ പല കാര്യങ്ങൾക്കായി ചെലവഴിക്കുന്നു. അതിൽനിന്നും ചെറിയ തുക മാറ്റിവെച്ച് സ്വരൂപിച്ചാൽ ലക്ഷം മടങ്ങ് പുണ്യം ലഭിക്കുന്ന ഹറമിൽ നമസ്കരിക്കാനും ഉംറ ചെയ്യാനും സാധിക്കും. ലാഭനഷ്ടക്കണക്കുകളിൽ മനഃസമാധാനം നഷ്ടപ്പെടാറാണ് പതിവ്. എന്നാൽ ലാഭം മാത്രം ലഭിക്കുന്ന പരലോകത്തേക്കുള്ള ഒരുക്കങ്ങൾ മനസ്സിന് കുളിരും സമാധാനവുമാണ് നൽകുക.**

ലഭ്യമാക്കുക, ബയോമെട്രിക് അടയാളങ്ങൾ രേഖപ്പെടുത്തുക തുടങ്ങിയവ അവരവരുടെ രാജ്യത്ത് പുറപ്പെടുന്ന എയർപോർട്ടിൽ തന്നെ പൂർത്തിയാക്കും. മലേഷ്യ, മൊറോക്കോ, ഇന്തോനേഷ്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, തുർക്കി, ഐവറി കോസ്റ്റ് എന്നീ രാജ്യങ്ങളിൽനിന്നുള്ളവർക്കാണ് ഇത്തവണ പദ്ധതിയുടെ ഭാഗമായി സേവനങ്ങൾ ലഭിച്ചത്. ബാഗേജ് പുറപ്പെടുന്ന എയർപോർട്ടിൽ സ്വീകരിച്ച് മക്കയിലെയും മദീനയിലെയും താമസസ്ഥലത്ത് എത്തിക്കുന്ന രീതിയിലാണ് പദ്ധതി. വരും വർഷങ്ങളിൽ കൂടുതൽ രാജ്യങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കും എന്ന് പ്രതീക്ഷിക്കാം.

ആരോഗ്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള 23 ആശുപത്രികളും 140 ആരോഗ്യകേന്ദ്രങ്ങളും ഹാജിമാരുടെ മെഡിക്കൽ സേവനങ്ങൾക്ക് വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. ഒരേസമയം 6100 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുള്ളവയാണ് ഈ ആശുപത്രികൾ. ആംബുലൻസുകൾ, മെഡിക്കൽ രംഗത്തെ വിവിധ സ്റ്റാഫുകൾ, സന്നദ്ധസേവകർ തുടങ്ങിയവയും മുഴുവൻ സമയവും ലഭ്യമാണ്. കല്ലേറ് കർമം നിർവഹിക്കുന്ന ജംറകളിൽ 16 അത്യാഹിത കേന്ദ്രങ്ങൾ ഒരുക്കിയതായും അധികൃതർ വ്യക്തമാക്കി. മൊബൈൽ ക്ലിനിക്കുകൾ അടക്കമുള്ള മറ്റു സേവനങ്ങളും ഒരുക്കിയിട്ടുണ്ട്. ഹജ്ജിന് വരുന്നവർ കോവിഡ്, ഇൻഫ്ളുവൻസ തുടങ്ങിയ പ്രതിരോധ കുത്തിവയ്പുകൾ യാത്ര പുറപ്പെടുന്നതിന് മുമ്പ് സ്വീകരിക്കൽ നിർബന്ധമാണ്. അതോടൊപ്പം നമസ്കാര സ്ഥലങ്ങളും മറ്റും കൃത്യമായ ഇടവേളകളിൽ ശുചീകരിക്കുകയും അണുവിമുക്തമാക്കുകയും ചെയ്യും. അത്യാധുനിക യന്ത്രങ്ങളുടെ സഹായത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്.

ഈ വർഷം ഹജ്ജിന് വരുന്നവർക്ക് ബലികർമത്തിനായി സർക്കാർ നേരിട്ടുതന്നെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 720 റിയാൽ അടച്ച് ഓൺലൈൻ വഴിയും ഹജ്ജ് ട്രാക്ക് ആപ്പ് മുഖേനയും കൂപ്പണുകൾ കൈപ്പറ്റാം. അതിനോടൊപ്പം സുഊദി പോസ്റ്റും ബാങ്കുകളും മറ്റും വഴിയും കൂപ്പണുകൾ ലഭ്യമാവും. പത്തുലക്ഷം കൂപ്പണുകളാണ് ഈ പദ്ധതിവഴി ഒരുക്കിയിട്ടുള്ളത്. ആടുകളെ ബലിയറുക്കാൻ ആറു കേന്ദ്രങ്ങളും ഒട്ടകങ്ങൾക്കും മറ്റുമായി ഒരു കേന്ദ്രവുമാണ് ഒരുക്കിയിട്ടുള്ളത്. ഹജ്ജ് സേവനദാതാക്കളും സ്വകാര്യകമ്പനികളും അവരുടെ ഹാജിമാർക്കായി പ്രത്യേകം സംവിധാനങ്ങൾ വേറെയും ഒരുക്കിയിട്ടുണ്ട്. സർക്കാർ സംവിധാനം വഴിയുള്ള ബലി മാംസം മക്കയിലും പരിസരത്തുമുള്ള പാവങ്ങൾക്ക് വിതരണം ചെയ്യുകയും ബാക്കിയുള്ളവ വിദേശരാജ്യങ്ങളിലെ പാവങ്ങൾക്ക് എത്തിക്കുകയുമാണ് ചെയ്യുക.

ഇന്ത്യയിൽനിന്ന് ഹജ്ജ് കമ്മിറ്റി മുഖേന 1,40,020 പേരും സ്വകാര്യ ഗ്രൂപ്പുകൾ വഴി 35,005 പേരുമാണ് ഹജ്ജിനെത്തുന്നത്. കേരളത്തിൽനിന്നും പതിനൊന്നായിരത്തോളം പേർക്കാണ് ഈ വർഷം അവസരം ലഭിച്ചിട്ടുള്ളത്. ഇന്ത്യൻ ഹജ്ജ് മിഷന്റെ നേതൃത്വത്തിലാണ് ഇന്ത്യൻ ഹാജിമാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നത്.

വിശുദ്ധ നഗരങ്ങൾ സന്ദർശിക്കുക, ഉംറയോ ഹജ്ജോ ചെയ്യുക എന്നത് നമ്മുടെയൊക്കെ സ്വപ്നമാണ്. മുമ്പത്തെപ്പോലെ ഉംറ വിസ ലഭിക്കാനുള്ള പ്രയാസങ്ങൾ ഇന്നില്ല, എളുപ്പത്തിൽ കാര്യങ്ങൾ നടക്കും. അതിന് ആഗ്രഹമുണ്ടാവുക എന്നതാണ് പ്രധാനം. ഉംറയോ ഹജ്ജോ ചെയ്യാൻ സാമ്പത്തികശേഷിയുണ്ടായിട്ടും മറ്റു തടസ്സങ്ങളൊന്നുമില്ലാതിരുന്നിട്ടും അതിനോട് വിമുഖത കാട്ടുന്ന ചിലരെങ്കിലുമുണ്ട്. അത് ശിക്ഷാർഹമായ കാര്യമാണ്.

ലക്ഷക്കണക്കിന് രൂപ നമ്മൾ പല കാര്യങ്ങൾക്കായി ചെലവഴിക്കുന്നു. അതിൽനിന്നും ചെറിയ തുക മാറ്റിവെച്ച് സ്വരൂപിച്ചാൽ ലക്ഷം മടങ്ങ് പുണ്യം ലഭിക്കുന്ന ഹറമിൽ നമസ്കരിക്കാനും ഉംറ ചെയ്യാനും സാധിക്കും. ലാഭനഷ്ടക്കണക്കുകളിൽ മനഃസമാധാനം നഷ്ടപ്പെടാറാണ് പതിവ്. എന്നാൽ ലാഭം മാത്രം ലഭിക്കുന്ന പരലോകത്തേക്കുള്ള ഒരുക്കങ്ങൾ മനസ്സിന് കുളിരും സമാധാനവുമാണ് നൽകുക. ■



# LGBTQ + സംവാദം തെളിയിക്കുന്നത് എന്ത്?

**അനസ് കെ ആമയൂർ**

കേരള ചരിത്രത്തിൽ ആദ്യമായി ഒരു പരസ്യസംവാദത്തിന് LGBTQ+ പ്രതിനിധി എത്തിയപ്പോൾ ഒരുപാട് ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുമെന്നും നമ്മുടെ ഒരുപാട് വാദങ്ങൾക്ക് മറുവാദം കേൾക്കുമെന്നും കരുതിയിരുന്നു. പക്ഷേ, തന്റെ രണ്ടാമത്തെ അവസരത്തിൻ സംസാരിക്കാൻ എഴുന്നേറ്റ ശീതൾ ശ്യാം പറഞ്ഞത് 'ഈ വാദങ്ങൾക്ക് ഉത്തരം കൊടുക്കേണ്ടതുണ്ട് എന്ന് ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്' എന്നാണ്.

മറുഭാഗത്തുള്ള അബ്ദുല്ല ബാസിലിന്റെ ആദ്യത്തെ ചോദ്യമായ 'ജെൻഡർ എന്നാൽ എന്ത്' എന്നത് അവസാനം വരെയും ഉത്തരം നൽകപ്പെടാതെ അവശേഷിച്ചു. വീണ്ടും വീണ്ടും ആവർത്തിച്ചു ചോദിച്ചത് കൊണ്ടാണോ എന്നറിയില്ല, അതിന് ഉത്തരം നൽകാൻ ഒരു ശ്രമം ശീതൾ ശ്യാം നടത്തുകയുണ്ടായി. 15 മിനുട്ടിന്റെയും 10 മിനുട്ടി

ന്റെയും രണ്ട് അവസരങ്ങൾക്ക് ശേഷം രണ്ട് അവസരങ്ങളിലായി പറഞ്ഞ രണ്ടു വാക്യങ്ങൾ! അവ രണ്ടും തന്നെ പരസ്പര വിരുദ്ധമാണ് എന്നത് സദസ്സിനെ ബോധ്യപ്പെടുത്താൻ സഹസംവാദകൻ ബാസിലിന് സാധിച്ചു. 'ജെൻഡർ ഗർഭാവസ്ഥയിൽ തന്നെ തീരുമാനിക്കപ്പെടുന്നതാണ്,' 'ജെൻഡർ സാമൂഹിക സൃഷ്ടിയാണ്' എന്നിവയാണ് ആ രണ്ട് മറുപടികൾ.

LGBTQ+ പ്രതിനിധി തന്റെ മുഴു സമയവും സാധാരണLGBTQ+ ചർച്ചകളിൽ സംഭവിക്കാറുള്ളത് പോലെ ചോദ്യം ചോദിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യാനാണ് ഉപയോഗപ്പെടുത്തിയത്; 'ജെൻഡർ ചോദിക്കാൻ നിങ്ങളാരാണ്,''നോർമലും അബ്നോർമലും പറയാൻ നിങ്ങളാരാണ്' എന്നിങ്ങനെ!

ബാസിൽ തന്റെ വിഷയാവതരണ വേളയിൽ ജെൻഡർ എന്താണ് എന്ന ചോദ്യം സദസ്സിനു മുന്നിൽവച്ച്, തിരിച്ച് ഉണ്ടായേക്കാൻ ഇടയുള്ള മറുവാദം എടുത്തു പറഞ്ഞ് അതിന് തക്കതായ മറുപടിയും കൊടുക്കുകയുണ്ടായി. ജെൻഡറും സെക്സും ഒന്നാണെന്ന് പറയുന്നവർ കേവലം അവയവം നോക്കി ജെൻഡർ നിശ്ചയിക്കുന്നവരാണ് എന്നതാണ് ആ മറുവാദം. ബീജസങ്കലനവേളയിൽതന്നെ ലിംഗം നിർണയിക്കപ്പെടുമെന്നും, അത് ശരീരത്തിലെ ഓരോ കോശത്തിലും എഴുതപ്പെട്ട ഡിഎൻഎയിലുണ്ട് എന്നതുമായിരുന്നു അതിനു നൽകിയ മറുപടി.

രണ്ടാമതായി ബാസിൽ മുന്നോട്ടുവച്ച കാര്യം, യാതൊരു മുൻവിധിയുമില്ലാതെ ഈ വിഷയത്തിൽ ഗവേഷണം നടക്കണം എന്നതാണ്. LGBTQ+ ആക്ടിവിസ്റ്റുകൾ ഇതിനെ എതിർക്കുകയും ഗവേഷണങ്ങൾ തടയുകയും ചെയ്യുന്നതിന് ഒരുപാട് തെളിവുകളും അദ്ദേഹം മുന്നോട്ട് വയ്ക്കുകയുണ്ടായി. കെന്നറ്റ് എ സെക്കറിന്റെയും ജെയിംസ് കാസ്പിയന്റെയും ഡോക്ടർ ഡപ്രസോയുടെയും അനുഭവങ്ങൾ മുന്നോട്ട് വച്ചപ്പോൾ ആ പേരുകളും വിഷയവും ഒരുവട്ടം പോലും സ്പർശിക്കാൻ ശീതൾ ശ്യാം തയ്യാറായില്ല എന്നത് ഈ വിഷയത്തിൽ ഒരു ഉന്നതതല LGBTQ+ ആക്ടിവിസ്റ്റിന്റെ അറിവ് എത്രയാണ് എന്ന് മനസ്സിലാവാൻ ഉപകരിച്ചു.

അതുപോലെ LGBTQ+ ഈ വിഷയത്തിൽ മുന്നോട്ടുവയ്ക്കുന്ന SRS (sex reassign surgery) എന്ന 'ഹിമാലയൻ' പരിഹാരം എത്രത്തോളം അപകടകരമാണ് എന്ന് തുടക്കത്തിൽ സൂചിപ്പിച്ച ബാസിലിന്റെ വാദത്തിലേക്ക് അറിയാതെയെങ്കിലും വന്നുപോയ ശീതൾ ശ്യാം പിന്നീട് തിരുത്താൻ ശ്രമിക്കുന്നതും കണ്ടു.

ഇന്റർസെക്സ് വിഭാഗത്തിൽ പെട്ട ആളുകളെ ജനിച്ച ഉടനെയുള്ള സർജറിയിലൂടെ രക്ഷിക്കാൻ ശ്രമിക്കുന്നതിനെ ജെൻഡർ പൊളിറ്റിക്സിന്റെ ആളുകൾ തടയുന്നു എന്ന ബാസിലിന്റെ വാദത്തെ മാത്രമാണ് ശീതൾ കുറച്ചെങ്കിലും പ്രതിരോധിക്കാൻ നോക്കിയത്. അതുമായി LGBTQ+ആരും കോടതിയിൽ പോയിട്ടില്ല എന്ന് ആദ്യം പറയുകയും, ബാസിൽ അതിന് തെളിവ് ഉയർത്തിക്കാണിച്ച് വിഷയം ആവർത്തിച്ചപ്പോൾ ആ വിഷയം അവഗണിക്കുന്ന അവസ്ഥയിലും എത്തി. പതിനെട്ടു വയസ്സ് തികഞ്ഞതിനു ശേഷമെ സർജറി പറ്റൂ എന്ന് ഇന്റർസെക്സിന്റെ വിഷയത്തിൽ മർക്കടമുഷ്ടി പിടിക്കുന്ന ഇവർ എന്തുകൊണ്ട് പ്രായപൂർത്തിയാകുന്നതിനെ തടയുന്ന മരുന്നും ഹോർമോൺ ചികിത്സയും SRSന്റെ വിഷയത്തിൽ കുട്ടികളിൽ നടത്തുന്നു? ജെൻഡർ

**യാതൊരു മുൻവിധിയുമില്ലാതെ ഈ വിഷയത്തിൽ ഗവേഷണം നടക്കണം എന്നതാണ് മുന്നോട്ടുവെച്ച ഒരു വിഷയം. LGBTQ+ ആക്ടിവിസ്റ്റുകൾ ഇതിനെ എതിർക്കുകയും ഗവേഷണങ്ങൾ തടയുകയും ചെയ്യുന്നതിന് ഒരുപാട് തെളിവുകളും മുന്നോട്ട് വയ്ക്കുകയുണ്ടായി. കെന്നറ്റ് എ സെക്കറിന്റെയും ജെയിംസ് കാസ്പിയന്റെയും ഡോക്ടർ ഡപ്രസോയുടെയും അനുഭവങ്ങൾ മുന്നോട്ട് വച്ചപ്പോൾ ആ പേരുകളും വിഷയവും ഒരുവട്ടം പോലും സ്പർശിക്കാൻ ശീതൾ ശ്യാം തയ്യാറായില്ല എന്നത് ഈ വിഷയത്തിൽ ഒരു ഉന്നതതല LGBTQ+ ആക്ടിവിസ്റ്റിന്റെ അറിവ് എത്രയാണ് എന്ന് മനസ്സിലാവാൻ ഉപകരിച്ചു.**



എന്നതിന് ഇവരുടെ വാദമായ ജെൻഡർ സാമൂഹിക സൃഷ്ടിയാണ് എന്ന വാദമെടുക്കുകയാണ് എങ്കിൽ ഇന്റർ സെക്സ് വിഭാഗത്തിൽ പെടുന്നവരെ നോർമലാക്കി മാറ്റാം എന്നിരിക്കെയാണ് ഈ ഓപ്പറേഷനെ അവർ നഖശിഖാന്തം എതിർക്കുന്നത്. അഥവാ ഇങ്ങനെയുള്ള പ്രശ്നങ്ങൾ എന്ന് സമൂഹത്തിൽനിന്ന് ഇല്ലാതാകുന്നുവോ അന്ന് തങ്ങളുടെ അസ്തിത്വം നഷ്ടപ്പെടും എന്ന പൂർണബോധ്യം ഉള്ളതായും ഈ പ്രശ്നങ്ങൾ ഇവിടെ നിലനിൽക്കാനുള്ള എല്ലാ കാര്യങ്ങളും അവർ ചെയ്തുകൊണ്ടേയിരിക്കും എന്നും പറയാതെ പറഞ്ഞതായി കേൾവിക്കാർക്ക് അനുഭവപ്പെട്ടു.

ജെൻഡർ പൊളിറ്റിക്സ് ചെറിയ കുട്ടികളിൽവരെ കുത്തിവച്ച് അവരെ ജെൻഡർ സംശയങ്ങളിലേക്ക് കൊണ്ടുപോകുന്ന അവസ്ഥയെ പറ്റിയുള്ള വാദത്തെ ശീതൾ ശ്യാം തൊട്ടതായി കണ്ടില്ല. മഴവിൽ വർണങ്ങളെ എന്തിനാണ് ഭയക്കുന്നത് എന്ന ശീതളിന്റെ ചോദ്യത്തിന്, ഞങ്ങൾ ശക്തമായ സംഘടനയാണ് എന്ന അവരുടെ തന്നെ വാക്കുകൾവച്ച് ബാസിൽ പറഞ്ഞ മറുപടി വളരെ കൃത്യമായിരുന്നു.

സദസ്സിൽനിന്നു വന്ന പല ചോദ്യങ്ങൾക്കും സംവാദത്തിൽ ഉടനീളം കണ്ട ശൈലിയിൽ തന്നെയാണ് ശീതൾ മറുപടി പറഞ്ഞത്. പെണ്ണുങ്ങളുടെ നീന്തൽമത്സരത്തിൽ പെണ്ണായി പരിചയപ്പെടുത്തി സ്വർണം നേടിയ ആണിന്റെ കഥയും, പെണ്ണായി പരിചയപ്പെടുത്തി പെണ്ണിടങ്ങളിലേക്ക് ആണുങ്ങൾക്ക് കയറി വരാനുള്ള വഴികളല്ലേ ഇത് തുറന്നുകൊടുക്കുന്നത് എന്ന, പെൺകുട്ടികളുടെ ഭാഗത്തുനിന്നു വന്ന ചോദ്യത്തിന് കൃത്യമായി മറുപടി പറയുന്നതിന് പകരം ട്രെയിനിൽ എങ്ങനെയാണ്, വിമാനത്തിൽ എങ്ങനെയാണ്, നിങ്ങൾ മൂത്രമൊഴിക്കുന്നിടത്തേക്ക് ഒരു ട്രാൻസ്(ആണ്) കയറി വന്നാൽ നിങ്ങൾക്കെന്താണ്, നിങ്ങളെ വല്ലതും ചെയ്താൽ നിങ്ങൾ കേസ് കൊടുത്താൽ പോരേ... എന്നിങ്ങനെയുള്ള അങ്ങാടിനിലവാരത്തിലുള്ള മറുപടിയാണ് LGBTQ+ പ്രതിനിധി നൽകിയത്. ഏതൊരു ആണിനും പെണ്ണെന്ന് പരിചയപ്പെടുത്തി എവിടെയും കയറാൻ പറ്റുന്ന പുതിയ ഒരു ലോകം തന്നെയാണ് ഞങ്ങൾ തുറക്കാൻ പോകുന്നത് എന്ന് ശീതൾ ശ്യാം പറയാതെ പറഞ്ഞു. അതുപോലെ കേരളത്തിലെ എത്രയോ സർക്കാർ ലേഡീസ് ഹോസ്റ്റലുകളിൽ ആൺശരീരത്തോടുകൂടിയ എത്രയോ ട്രാൻസ് ഉണ്ട് എന്ന അപകടകരമായ അറിവും ശീതൽ ശ്യാം പങ്കുവച്ചു. പുരുഷന് സ്ത്രീകളെക്കാൾ ശാരീരികക്ഷമത കൂടുതലുണ്ട് എന്ന സാമാന്യബോധത്തെ പോലും ശീതൾ ശ്യാം എതിർക്കുന്നതിന് സദസ്സ് സാക്ഷിയായി. അതിന് തെളിവായി കായികയിനങ്ങളിൽ ഇന്ത്യയിലെ സ്ത്രീകളാണ് പുരുഷന്മാരെക്കാൾ കൂടുതൽ സ്വർണം വാങ്ങിയിട്ടുള്ളത് എന്ന് തെളിവ് പറയുകയും ചെയ്തു. സ്ത്രീകൾ സ്ത്രീകളോടുതന്നെ മത്സരിച്ചിട്ടല്ലേ ആ നേട്ടം നേടിയത് എന്ന ബാസിലിന്റെ ചോദ്യം ശീതളിന്റെ വായടപ്പിച്ചു.

രഹസ്യത്തിൽ ചെയ്യുന്ന സ്വവർഗരതിയെ എന്തിന് എതിർക്കുന്നു എന്ന ചോദ്യത്തിന് ഹാം പ്രിൻസിപ്പൽ (മറ്റൊരാൾക്ക് ബുദ്ധിമുട്ടില്ലെങ്കിൽ തെറ്റല്ല എന്ന വാദം) വച്ചുതന്നെ മറുപടി പറയുകയും ലൈംഗികരോഗങ്ങൾ സ്വവർഗരതിക്കാർക്ക് വരുന്നതിന്റെ കൂടിയ

**പുരുഷന് സ്ത്രീകളെക്കാൾ**
**ശാരീരികക്ഷമത കൂടുതലുണ്ട്**
**എന്ന സാമാന്യബോധത്തെ**
**പോലും ശീതൾ ശ്യാം**
**എതിർക്കുന്നതിന്**
**സദസ്സ് സാക്ഷിയായി.**
**അതിന് തെളിവായി**
**കായികയിനങ്ങളിൽ**
**ഇന്ത്യയിലെ സ്ത്രീകളാണ്**
**പുരുഷന്മാരെക്കാൾ കൂടുതൽ**
**സ്വർണം വാങ്ങിയിട്ടുള്ളത്**
**എന്ന് തെളിവ് പറയുകയും**
**ചെയ്തു. സ്ത്രീകൾ**
**സ്ത്രീകളോടുതന്നെ**
**മത്സരിച്ചിട്ടല്ലേ ആ നേട്ടം**
**നേടിയത് എന്ന ബാസിലിന്റെ**
**ചോദ്യം ശീതളിന്റെ വായടപ്പിച്ചു.**



ശതമാനക്കണക്കും സ്വവർഗരതിക്കാരിൽ മാത്രമുള്ള രോഗങ്ങളും എടുത്തുപറഞ്ഞ് ബാസിൽ കൃത്യമായ മറുപടി നൽകി. ഇതിന്, രോഗികളുടെ എണ്ണം എടുത്തുപറഞ്ഞ് വിചിത്രമായ പ്രതികരണമാണ് ശീതൾ ശ്യാം നടത്തിയത്. ശതമാനവും എണ്ണവും തമ്മിലുള്ള വ്യത്യാസമറിയാത്ത വ്യക്തിയാണ് ജെൻഡർ സാമൂഹിക നിർമിതിയാണ് എന്ന തലതിരിഞ്ഞ ആശയം കരിക്കുലത്തിൽ കുത്തിക്കയറ്റാൻ ഇറങ്ങിയിട്ടുള്ളത് എന്നത് തിരിച്ചറിയാൻ ഇത് ഉപകരിച്ചു. മറ്റു ലൈംഗികരോഗങ്ങളെയെല്ലാം മാറ്റിവച്ച്, സ്വവർഗരതിക്കാർക്കിടയിൽ മാത്രമുള്ള രോഗങ്ങൾ എടുത്താൽ നിങ്ങൾ എന്തു മറുപടി പറയും എന്ന ബാസിലിന്റെ ചോദ്യം ശീതൾ ശ്യാം കേട്ടതായിത്തന്നെ ഭാവിച്ചില്ല.

സദസ്സിൽനിന്നും ശീതൾ ശ്യാമിനോടുള്ള BIID (body integrity




identity disorder-ശരീരം മുറിച്ചു മാറ്റാൻ തോന്നുന്ന അവസ്ഥ) പോലുള്ള വ്യക്തിത്വ രോഗങ്ങൾക്ക് ചികിത്സ മനസ്സിനും ജെൻഡർ വിഷയത്തിൽ ചികിത്സ ശരീരത്തിനും എന്നത് കാപട്യമല്ലേ എന്ന ചോദ്യത്തെ അഭിമുഖീകരിക്കാൻ പോലും അയാൾക്കായില്ല എന്നത് LGBTQ+ന്റെ ഇരട്ടത്താപ്പ് വ്യക്തമാക്കുന്നതായിരുന്നു.

ആൺ-പെൺ വേർതിരിവ് എടുത്തുമാറ്റിയാൽ ഒന്നും സംഭവിക്കില്ല എന്ന വാദം തെറ്റല്ലേ എന്ന ചോദ്യത്തിന്, പുരുഷ മസ്തിഷ്കം കാഴ്ചയിൽ ഉണ്ടാക്കുന്ന പ്രവർത്തനങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ചപ്പോൾ, സ്ത്രീശരീരം പുരുഷനിൽ ഒന്നും തോന്നിക്കില്ല എന്നായിരുന്നു മറുപടി! അശ്ലീല ചിത്രങ്ങൾ ഉണ്ടാക്കുന്നത് ആണുങ്ങളാണ്, അവർക്ക് ഒന്നും തോന്നില്ല എന്നതാണ് തെളിവായി പറഞ്ഞത്! ലൈംഗിക പരിജ്ഞാനവും ആൺ-പെൺ സവിശേഷതകളെക്കുറിച്ചുള്ള അറിവും ഒരു തരിപോലും ഇവർക്കില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവായി ഇതിൽപരം എന്തുവേണം? നാട്ടുകാരുടെ മക്കൾക്ക് ലൈംഗിക വിജ്ഞാനവും ജെൻഡർ ഐഡന്റിറ്റിയും പറഞ്ഞുകൊടുക്കുന്ന ആളുകൾക്ക് സാമാന്യ ബോധവും സാമാന്യ ലൈംഗിക അറിവും ഇല്ല എന്നത് നമ്മെ ഈ വിഷയത്തിൽ കൂടുതൽ ഗൗരവത്തോടുകൂടി ചിന്തിപ്പിക്കേണ്ടതുണ്ട്. അശ്ലീല ചിത്രം കാണുന്നത് പ്രകൃതിഭംഗി ആസ്വദിക്കാൻ ആയിരിക്കുമല്ലേ എന്ന ബാസിലിന്റെ മറുചോദ്യം കുറിക്കുകൊള്ളുന്നതായിരുന്നു.

വരുംതലമുറക്ക് ജെൻഡറും ജെൻഡർ ഐഡിയോളജികളും പഠിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ട സർക്കാറിന് ഇതിനെപ്പറ്റി വലിയ ധാരണയൊന്നുമില്ല എന്നതിനും ഇതിനെതിരെ പ്രവർത്തിക്കാൻ പൂർവാധികം ശക്തിയോടുകൂടി നമ്മൾ ഇറങ്ങണം എന്നതിനും ഒരു ഉത്തമ തെളിവാണ് ഈ സംവാദം. സിനിമകളിലൂടെയും സീരിയലുകളിലൂടെയും മാത്രമല്ല, പൊതുവെ കുട്ടികൾ കാണുന്ന കാർട്ടൂണുകളിലൂടെ വരെ ഇത് വരുംതലമുറകളിലേക്കെത്തിക്കുക എന്ന ദൗത്യവുമായിട്ടാണ് LGBTQ+ഇറങ്ങിയിട്ടുള്ളത്. അതുകൊണ്ട്, മൊബൈലും ലാപ്ടോപ്പും കണ്ണുമടച്ച് മക്കൾക്ക് എടുത്തുകൊടുക്കുന്ന മാതാപിതാക്കൾ ജാഗ്രത പാലിക്കണം എന്ന് സാന്ദർഭികമായി ഓർമിപ്പിക്കുന്നു.

**വരുംതലമുറക്ക് ജെൻഡറും ജെൻഡർ ഐഡിയോളജികളും പഠിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ട സർക്കാറിന് ഇതിനെപ്പറ്റി വലിയ ധാരണയൊന്നുമില്ല എന്നതിനും ഇതിനെതിരെ പ്രവർത്തിക്കാൻ പൂർവാധികം ശക്തിയോടുകൂടി നമ്മൾ ഇറങ്ങണം എന്നതിനും ഒരു ഉത്തമ തെളിവാണ് ഈ സംവാദം. സിനിമകളിലൂടെയും സീരിയലുകളിലൂടെയും മാത്രമല്ല, പൊതുവെ കുട്ടികൾ കാണുന്ന കാർട്ടൂണുകളിലൂടെ വരെ ഇത് വരുംതലമുറകളിലേക്കെത്തിക്കുക എന്ന ദൗത്യവുമായിട്ടാണ് LGBTQ+ഇറങ്ങിയിട്ടുള്ളത്. അതുകൊണ്ട്, മൊബൈലും ലാപ്ടോപ്പും കണ്ണുമടച്ച് മക്കൾക്ക് എടുത്തുകൊടുക്കുന്ന മാതാപിതാക്കൾ ജാഗ്രത പാലിക്കണം**




# 25ാം അനുച്ഛേദവും പുതിയ പാഠങ്ങളും

**വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും - 27**

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

> **മതാചാരങ്ങളെ എസെൻഷ്യൽ എന്നും നോൺ എസെൻഷ്യൽ എന്നും വേർതിരിക്കാൻ ഒരു ഭരണകൂടത്തിനോ നീതിന്യായവ്യവസ്ഥക്കോ സാധിക്കില്ല. അനുച്ഛേദം 25 ചൂണ്ടിക്കാണിക്കുന്നപോലെ റിലീജിയസ് പ്രാക്ടീസ് ആയ ഏതൊരു കാര്യവും അതാത് മതവിഭാഗത്തിൽ പെട്ട വ്യക്തികൾക്ക് അനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടുതന്നെ വ്യക്തിപരമായ അവകാശമായിട്ട് മാത്രമെ ശിരോവസ്ത്ര സ്വാതന്ത്ര്യത്തെ കാണാനാവൂ. ഒരു സ്ഥാപനം, വിഭാഗം എന്ന നിലയിൽ ഭരണഘടന നൽകിയിട്ടുള്ള അവകാശമാണ് അനുച്ഛേദം 26 പറയുന്നത്.**

എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് എന്ന വിഷയത്തെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ച ശേഷം ജസ്റ്റിസ് സുധാൻഷു ധൂലിയ ഭരണഘടനയുടെ 25ാം അനുച്ഛേദത്തിലേക്കാണ് പ്രവേശിച്ചത്. മതാചാരങ്ങളെ എസെൻഷ്യൽ എന്നും നോൺ എസെൻഷ്യൽ എന്നും വേർതിരിക്കാൻ ഒരു ഭരണകൂടത്തിനോ നീതിന്യായവ്യവസ്ഥക്കോ സാധിക്കില്ല. അനുച്ഛേദം 25 ചൂണ്ടിക്കാണിക്കുന്ന പോലെ റിലീജിയസ് പ്രാക്ടീസ് ആയ ഏതൊരു കാര്യവും അതാത് മതവിഭാഗത്തിൽ പെട്ട വ്യക്തികൾക്ക് അനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടുതന്നെ വ്യക്തിപരമായ അവകാശമായിട്ട് മാത്രമെ ശിരോവസ്ത്ര സ്വാതന്ത്ര്യത്തെ കാണാനാവൂ. ഒരു സ്ഥാപനം, വിഭാഗം എന്ന നിലയിൽ ഭരണഘടന നൽകിയിട്ടു

**അനുച്ഛേദം 25 ഒരു പൗരന് 'മനഃസാക്ഷിയുടെ സ്വാതന്ത്ര്യവും മതവിശ്വാസ, ആചാര പ്രചാരണ സ്വാതന്ത്ര്യവും' ഉറപ്പ് നൽകുന്നു. അത് എസെൻഷ്യൽ വിഷയവുമായി ബന്ധപ്പെടുന്നില്ല. അനുച്ഛേദം 25(2), അനുച്ഛേദം 26 എന്നിവയുമായി ഇടപെടുമ്പോൾ മാത്രമാണ് എസെൻഷ്യൽ ആശയം കടന്നുവരുന്നത്.**

ള്ള അവകാശമാണ് അനുച്ഛേദം 26 പറയുന്നത്. എന്നാൽ ഓരോ വ്യക്തിക്കും അയാളുടെ ഇച്ഛയനുസരിച്ച് നിർവഹിക്കാൻ സ്വാതന്ത്ര്യം നൽകുന്ന അനുച്ഛേദമാണ് 25(1). അവ രണ്ടും വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

### മതസ്വാതന്ത്ര്യം: വ്യക്തിപരം, സാമൂഹികം

അനുച്ഛേദം 25(1): മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചാരണത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം. പൊതുസമാധാനത്തിനും സാന്മാർഗികതക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും 'എല്ലാ വ്യക്തികൾക്കും' തുല്യമായ അവകാശമുണ്ട്.

അനുച്ഛേദം 26: മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള അധികാരം: പൊതുസമാധാനത്തിനും സാന്മാർഗികതക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി 'ഓരോ മതവിഭാഗത്തിനും' അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനും മതപരവും ധർമപരവുമായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും മതപരമായ വിഷയങ്ങളിൽ അതിന്റേതായ കാര്യങ്ങൾ നടത്തുന്നതിനും സ്ഥാവര ജംഗമ വസ്തുക്കൾ ഉടമസ്ഥതയിൽ വയ്ക്കുന്നതിനും അങ്ങനെയുള്ള വസ്തുക്കളുടെ നിയമപരമായ ഭരണം നടത്തുന്നതിനും അവകാശമുണ്ട്.

അനുച്ഛേദം 25 വ്യക്തിപരമായ അവകാശത്തെയും 26 സാമൂഹിക, സ്ഥാപന അവകാശങ്ങളെയുമാണ് വ്യക്തമാക്കുന്നത്.

### ശിരോവസ്ത്ര വിഷയം വ്യക്തിപരമാണ്

ജസ്റ്റിസ് ധൂലിയ ശിരോവസ്ത്ര വിഷയത്തെ മത, സാമൂഹിക വിഷയമായി കോടതിയിൽ കൊണ്ടുവരുന്നതിനോട് വിയോജിക്കുന്നു. കാരണം ഒരു വ്യക്തിയുടെ മതവേഷം അനുച്ഛേദം 25 നൽകുന്ന വ്യക്തിപരമായ അവകാശങ്ങളിൽ പെട്ടതാണ് എന്നാണ് അദ്ദേഹം പറയുന്ന പ്രധാന ന്യായം. മതപരമായ ചിഹ്നങ്ങളും ആചാരങ്ങളും ഓരോ വ്യക്തിയും സ്വീകരിക്കുന്നതും അവ മറ്റുള്ളവർക്ക് കാണുന്നവിധത്തിൽ പ്രദർശിപ്പിക്കുന്നതുമെല്ലാം അനുച്ഛേദം 25 നൽകിയിട്ടുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിലാണ് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഈ വിധത്തിലാണ് ശിരോവസ്ത്ര വിഷയത്തെ കോടതിയിൽ കൊണ്ടുവരേണ്ടതെന്നും അതിന് പകരം മതത്തിലെ അത്യന്താപേക്ഷിത ആചാരം (ERP) എന്ന നിലയ്ക്ക് അതിനെ കൊണ്ടുവരുന്നത് ഒട്ടും ശരിയല്ല എന്നുമാണ് അദ്ദേഹത്തി



ന്റെ വിധിന്യായത്തിൽ പറയുന്ന വളരെ പ്രസക്തമായ കാര്യം.

മുത്ത്വലാക് കേസിലെ വിധി നോക്കുക: മേൽപറഞ്ഞ പരിശോധനകളിൽനിന്ന് മനസ്സിലാകുന്നത്, മുത്ത്വലാക് എന്നത് കേവലം അനുവദനീയമായ ഒരു ത്വലാക് മാത്രമാണ് എന്നാണ്. അതേസമയം, ഹനഫി മദ്ഹബ് അത് അനുവദിക്കുന്നുണ്ടെങ്കിലും അത് പാപമാണെന്ന് പ്രസ്താവിക്കുന്നു. രണ്ടിൽ കൂടുതൽ കുട്ടികൾ ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട ജാവേദ് കേസിന്റെ വിധിയിലും താണ്ഡവ നൃത്തവുമായി ബന്ധപ്പെട്ട ആനന്ദ മാർഗി കേസിന്റെ വിധിയിലും ഇത്തരം ആചാരങ്ങളൊന്നും അനിവാര്യമായ മതാചാരമാകില്ല എന്ന് പ്രസ്താവിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നവർക്കായി ഹരിയാന സർക്കാർ കൊണ്ടുവന്ന നിയമത്തിനെതിരെ ജാവേദ് എന്ന വ്യക്തി സമർപ്പിച്ച കേസാണ് ജാവേദ് കേസ് എന്നറിയപ്പെടുന്നത്. രണ്ട് കുട്ടികളിലധികം ഉള്ളവർക്ക് തദ്ദേശഭരണ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ പാടില്ലെന്നായിരുന്നു നിയമം. രണ്ടിലധികം കുട്ടികൾ ഉണ്ടാവുക എന്നത് മതപരമായ അവകാശം കൂടിയാണ് എന്നായിരുന്നു ജാവേദിന്റെ വാദം. എന്നാൽ അതൊരു 'അനിവാര്യമായ മതാചാരമല്ല' എന്നായിരുന്നു കോടതിയുടെ നിരീക്ഷണം.

പത്തിനും അമ്പതിനും ഇടക്ക് പ്രായമുള്ള സ്ത്രീഭക്തർക്ക് ശബരിമല അയ്യപ്പക്ഷേത്രത്തിൽ പ്രവേശിക്കാൻ അവകാശമുണ്ടോ എന്നതായിരുന്നു ശബരിമല കേസിൽ ഭരണഘടനാ ബെഞ്ചിന്റെ മുന്നിലുള്ള ചോദ്യം. ആചാരാനുഷ്ഠാനങ്ങളുടെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു ക്ഷേത്ര അധികാരികൾ സ്ത്രീകളുടെ അവകാശം നിഷേധിച്ചിരുന്നത്. സുപ്രീംകോടതി 4:1 ഭൂരിപക്ഷത്തിൽ സ്ത്രീഭക്തർക്ക് അനുകൂലമായി വിധിച്ചപ്പോൾ കോടതി പറഞ്ഞത് ക്ഷേത്രത്തിന്റെ നടപടി ഭരണഘടന പ്രകാരമുള്ള സ്ത്രീഭക്തരുടെ മൗലികാവകാശങ്ങളുടെ ലംഘനമാണ് എന്നായിരുന്നു.


**ഞങ്ങളുടെ മുമ്പിലുള്ളത് ശിരോവസ്ത്രം ധരിച്ച് തങ്ങളുടെ വ്യക്തിത്വം ഉറപ്പിക്കുകയും ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദങ്ങൾ 19, 25 എന്നിവ പ്രകാരം സംരക്ഷണം ആവശ്യപ്പെടുകയും ചെയ്യുന്ന രണ്ട് കുട്ടികളാണ്. ഹിജാബ് ധരിക്കുന്നത് ഇസ്‌ലാമിൽ അത്യന്താപേക്ഷിത മതാചാരമാണോ അല്ലയോ എന്നത് ഈ വിഷയത്തിന്റെ വിധിതീർപ്പിന് അനിവാര്യമല്ല. ക്ലാസ് മുറിയിൽ ഒരു വിദ്യാർഥി ശിരോവസ്ത്രം ധരിക്കുന്നത് ആത്മാർഥമായ വിശ്വാസത്തിന്റെ ഭാഗമാണെങ്കിൽ, അത് മറ്റാരെയും ദ്രോഹിക്കുന്നില്ലെങ്കിൽ, അത് നിരോധിക്കുന്നതിന് ന്യായമായ യാതൊരു കാരണവും പറയാനില്ല.**


മുകളിൽ ഉദ്ധരിച്ച രണ്ട് കേസുകളിലും കോടതിയുടെ മുമ്പാകെയുള്ള പ്രധാന പ്രശ്നം മതവും മതാനുഷ്ഠാനവും ആയിരുന്നു. അനുച്ഛേദം 19(1)(എ) പ്രകാരം ഒരു പൗരന് നൽകിയിട്ടുള്ള അഭിപ്രായ സ്വാതന്ത്ര്യമായിരുന്നില്ല വിഷയം. എന്നാൽ ശിരോവസ്ത്ര വിഷയത്തിൽ മതവും മതാനുഷ്ഠാനവുമല്ല പ്രധാന വിഷയം. അത് പ്രധാനമായും ബന്ധപ്പെടുന്നത് 25(1) അനുച്ഛേദവുമായി മാത്രമാണ്. അതിന് 26, 25(2) എന്നിവയുമായി ബന്ധമില്ല. അഭിപ്രായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് 19(1) ഒരു വ്യക്തിക്ക് നൽകുന്ന മൗലികാവകാശത്തെ മനഃസാക്ഷി, മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന അനുച്ഛേദം 25(1)മായി ബന്ധപ്പെടുത്തി ചർച്ച ചെയ്യാവുന്നതാണ്.

അനുച്ഛേദം 25 ഒരു പൗരന് 'മനഃസാക്ഷിയുടെ സ്വാതന്ത്ര്യവും മതവിശ്വാസ, ആചാര പ്രചാരണ സ്വാതന്ത്ര്യവും' ഉറപ്പ് നൽകുന്നു. അത് എസെൻഷ്യൽ വിഷയവുമായി ബന്ധപ്പെടുന്നില്ല. അനുച്ഛേദം 25(2), അനുച്ഛേദം 26 എന്നിവയുമായി ഇടപെടുമ്പോൾ മാത്രമാണ് എസെൻഷ്യൽ ആശയം കടന്നുവരുന്നത്.

### പെൺകുട്ടികളുടെ അപേക്ഷ ഭരണഘടനാനുസൃതം

ഞങ്ങളുടെ മുമ്പിലുള്ളത് ശിരോവസ്ത്രം ധരിച്ച് തങ്ങളുടെ വ്യക്തിത്വം ഉറപ്പിക്കുകയും ഇന്ത്യൻ ഭരണഘടനയുടെ അനു





ച്ഛേദങ്ങൾ 19, 25 എന്നിവ പ്രകാരം സംരക്ഷണം ആവശ്യപ്പെടുകയും ചെയ്യുന്ന രണ്ട് കുട്ടികളാണ്. ഹിജാബ് ധരിക്കുന്നത് ഇസ്‌ലാമിൽ അത്യന്താപേക്ഷിത മതാചാരമാണോ അല്ലയോ എന്നത് ഈ വിഷയത്തിന്റെ വിധിതീർപ്പിന് അനിവാര്യമല്ല. ക്ലാസ് മുറിയിൽ ഒരു വിദ്യാർഥി ശിരോവസ്ത്രം ധരിക്കുന്നത് ആത്മാർഥമായ വിശ്വാസത്തിന്റെ ഭാഗമാണെങ്കിൽ, അത് മറ്റാരെയും ദ്രോഹിക്കുന്നില്ലെങ്കിൽ, അത് നിരോധിക്കുന്നതിന് ന്യായമായ യാതൊരു കാരണവും പറയാനില്ല.

### കർണാടക ഹൈക്കോടതിക്ക് പറ്റിയ തെറ്റ്

എന്നാൽ എന്താണ് ഇ.ആർ.പി എന്നും ഹിജാബ് ധരിക്കുന്നത് ഇസ്‌ലാമിലെ ഇ.ആർ.പിയുടെ ഭാഗമാണോ എന്നും കർണാടക ഹൈക്കോടതി വിശദമായ പഠനം നടത്തുകയാണ് ചെയ്തത്. വിശുദ്ധ ഖുർആനിലെ സൂറത്തുകളും വചനങ്ങളും അതിനായി പരാമർശിക്കുകയും വിശദീകരിക്കുകയും ചെയ്തു, എന്നിട്ട്, വിശുദ്ധ ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിന്റെ സഹായത്തോടെ, ശിരോവസ്ത്രം ധരിക്കുന്നത് ഇസ്‌ലാമിൽ അത്യന്താപേക്ഷിതമായ ഒരു മതാചാരമല്ലെന്ന് നിഗമനം ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, ശിരോവസ്ത്രം 'എസെൻഷ്യൽ' അല്ല എന്ന കാരണം പറഞ്ഞുകൊണ്ട് വിദ്യാർഥികളുടെ ആവശ്യം തള്ളുകയും ചെയ്തു.

**ദൈവശാസ്ത്രപരമായ വിഷയങ്ങൾ പരിഹരിക്കാനുള്ള വേദിയല്ല കോടതികൾ. അവ ചർച്ചചെയ്തു തീരുമാനിക്കാൻ വിവിധ കാരണങ്ങളാൽ കോടതികൾ സജ്ജമല്ല എന്നതാണ് യാഥാർഥ്യം. മതവിഷയങ്ങളിൽ ഒന്നിലധികം വീക്ഷണങ്ങൾ ഉണ്ടായിരിക്കുക സ്വാഭാവികമാണ്. അവയിൽ ഏതെങ്കിലും ഒന്നാണ് ശരി എന്ന് തീരുമാനിക്കുക കോടതികളുടെ ജോലിയല്ല. അതിന് കോടതിക്ക് അധികാരവുമില്ല. എന്നിരുന്നാലും, ഭരണഘടന നിശ്ചയിച്ചിരിക്കുന്ന മതസ്വാതന്ത്ര്യത്തിന്റെ അതിരുകൾ ലംഘിക്കപ്പെടുകയോ മതസ്വാതന്ത്ര്യത്തിൽ ഭരണകൂടം അന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുമ്പോൾ ഇടപെടാൻ കോടതികൾക്ക് അവകാശമുണ്ട്.**

### ദൈവശാസ്ത്ര വിഷയങ്ങളും കോടതികളും

തർക്കവിഷയത്തിന്റെ വിധി തീർപ്പിന് ഇ.ആർ.പി പരിശോധന അനിവാര്യമല്ല എന്ന മർമപ്രധാനമായ വിഷയത്തിന് പുറമെ മറ്റൊരു പ്രധാനമായ വശംകൂടി ഈ വിഷയത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. ദൈവശാസ്ത്രപരമായ വിഷയങ്ങൾ പരിഹരിക്കാനുള്ള വേദിയല്ല കോടതികൾ. അവ ചർച്ചചെയ്തു തീരുമാനിക്കാൻ വിവിധ കാരണങ്ങളാൽ കോടതികൾ സജ്ജമല്ല എന്നതാണ് യാഥാർഥ്യം. മതവിഷയങ്ങളിൽ ഒന്നിലധികം വീക്ഷണങ്ങൾ ഉണ്ടായിരിക്കുക സ്വാഭാവികമാണ്. അവയിൽ ഏതെങ്കിലും ഒന്നാണ് ശരി എന്ന് തീരുമാനിക്കുക കോടതികളുടെ ജോലിയല്ല. അതിന് കോടതിക്ക് അധികാരവുമില്ല. എന്നിരുന്നാലും, ഭരണഘടന നിശ്ചയിച്ചിരിക്കുന്ന മതസ്വാതന്ത്ര്യത്തിന്റെ അതിരുകൾ ലംഘിക്കപ്പെടുകയോ മതസ്വാതന്ത്ര്യത്തിൽ ഭരണകൂടം അന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുമ്പോൾ ഇടപെടാൻ കോടതികൾക്ക് അവകാശമുണ്ട്.

### മതവിഷയങ്ങളിലെ വിവിധാഭിപ്രായങ്ങൾ

ദൈവശാസ്ത്ര മേഖലകളിലേക്ക് കടക്കരുതെന്ന് സുപ്രീം കോടതി രാമജന്മഭൂമി കേസിൽ

**മതം ആചരിക്കുന്ന രീതിയെ രൂപപ്പെടുത്തുന്ന പ്രധാന ഘടകമാണ് സാംസ്കാരിക സ്വാംശീകരണം. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും ഒരു രാജ്യത്തിന്റെ യഥാർഥ സ്വഭാവത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുക. വൈവിധ്യമാർന്ന മതവിശ്വാസങ്ങളെയും ആശയങ്ങളെയും ഉൾക്കൊള്ളുകയും സഹിഷ്ണുത പുലർത്തുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ രാജ്യത്തിന്റെ സവിശേഷത. മതസിദ്ധാന്തങ്ങളെ കേവലവും തീവ്രവുമായ രൂപത്തിൽ വ്യാഖ്യാനിക്കാനും ആരാധകരുടെ വിശ്വാസത്തെ ചോദ്യം ചെയ്യാനും കോടതിക്ക് കഴിയില്ല. അത്തരത്തിലുള്ള ഏതൊരു ശ്രമത്തെയും തള്ളിക്കളയാൻ ഈ കോടതിക്ക് യാതൊരു സങ്കോചവുമില്ല.**

മുന്നറിയിപ്പ് നൽകിയിരുന്നു. ഒരു മതത്തിനുള്ളിൽ തന്നെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരിക്കാം. അവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കുന്നത് ശരിയായിരിക്കില്ല. മതഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്നതിൽനിന്ന് കോടതികൾ മാറിനിൽക്കണം.

രാമജന്മഭൂമി കേസിൽ ഹിന്ദുത്വ വിഭാഗത്തിന്റെ അഭിഭാഷകനായ പി.എൻ.മിശ്ര നമസ്കരിക്കാൻ പള്ളികൾ നിർബന്ധമില്ല എന്ന് ചില ഇസ്‌ലാമിക ഗ്രന്ഥങ്ങൾ ഉദ്ധരിച്ച് സംസാരിച്ചപ്പോൾ സുപ്രീം കോടതി നൽകിയ മറുപടി ഇങ്ങനെയായിരുന്നു:

'ആരാധനാലയ വിഷയത്തിൽ പി.എൻ.മിശ്ര ഇവിടെ ചിത്രീകരിക്കാൻ ശ്രമിച്ച കാര്യങ്ങൾ ഇസ്‌ലാമിലെ ഏക വ്യാഖ്യാനമായി അംഗീകരിക്കാൻ കഴിയില്ല. നിരവധി വ്യാഖ്യാനങ്ങളിൽ ഒന്ന് മാത്രമാണത്. അതുകൊണ്ട് തന്നെ ദൈവശാസ്ത്ര മേഖലയിലേക്ക് പ്രവേശിച്ച് ഏതെങ്കിലും ഒരു അഭിപ്രായം സ്വീകരിക്കാനോ പ്രവാചക വചനങ്ങളുടെ വ്യാഖ്യാനം നടത്താനോ ഈ കോടതി മുതിരുന്നത് അനുചിതമാണ്. വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന മുസൽമാന്മാർക്ക് അവർ പ്രാർഥന നിർവഹിക്കുന്ന സ്ഥലങ്ങളിൽ അഥവാ പള്ളികളിൽ പ്രാർഥന നിർവഹിച്ചാൽ ഫലമുണ്ടാവും എന്ന് അവർക്ക് വിശ്വാസമുണ്ടെങ്കിൽ അത് പരിശോധിക്കുക മാത്രമാണ് ഈ കോടതിക്ക് നിർവഹിക്കാൻ സാധിക്കുക. മുസ്‌ലിം പള്ളി എന്ന് അവകാശപ്പെടുന്ന സ്ഥലത്ത് നമസ്കരിക്കണമെന്ന വിശ്വാസത്തെ ഈ കോടതിക്ക് വെല്ലുവിളിക്കാനാവില്ല. പി.എൻ. മിശ്ര അദ്ദേഹത്തിന് യോജിച്ച കാര്യമെന്ന നിലയ്ക്ക് തിരഞ്ഞെടുത്ത കടുത്ത വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു യഥാർഥ മുസ്‌ലിം പ്രാർഥന നടത്തുന്ന സ്ഥലത്തെക്കുറിച്ച് ചോദ്യം ചെയ്യുന്നത് അപലപനീയമാണ് എന്ന് ഈ കോടതി വിശ്വസിക്കുന്നു. ഭരണഘടനയുടെ കീഴിൽ സ്ഥാപിതമായ ഒരു മതേതര സ്ഥാപനമെന്ന നിലയിൽ ഈ കോടതിക്ക് ദൈവശാസ്ത്ര സിദ്ധാന്തത്തിന്റെ സാധ്യമായ നിരവധി വ്യാഖ്യാനങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുന്നതിൽനിന്ന് വിട്ടുനിൽക്കാനേ കഴിയുകയുള്ളൂ. ഒരു വിശ്വാസിക്ക് അയാളുടെ വിശ്വാസത്തെയും ആരാധനയെയും സംരക്ഷിക്കുവാനുള്ള ബാധ്യത നിറവേറ്റുക എന്നതാണ് കോടതിക്ക് നിർവഹിക്കാൻ കഴിയുക.' (രാമജന്മഭൂമി കേസ് വിധി, ഖണ്ഡിക 90).

**തീവ്ര വ്യാഖ്യാനം ബഹുസ്വരതക്ക് ചേർന്നതല്ല**

'എല്ലാറ്റിനുമുപരിയായി, മതാചാരങ്ങൾ സാമൂഹിക സാഹചര്യങ്ങൾക്കും സാംസ്കാരിക വൈവിധ്യങ്ങൾക്കും അനുസരിച്ച് വ്യത്യാസപ്പെടും. ഇസ്‌ലാം മതം അതിൽനിന്നും ഒഴിവല്ല. അതാണ് നമ്മുടെ ബഹുസ്വര സമൂഹത്തിന്റെ ശക്തി. മതം ആചരിക്കുന്ന രീതിയെ രൂപപ്പെടുത്തുന്ന പ്രധാന ഘടകമാണ് സാംസ്കാരിക സ്വാംശീകരണം. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും ഒരു രാജ്യത്തിന്റെ യഥാർഥ സ്വഭാവത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുക. വൈവിധ്യമാർന്ന മതവിശ്വാസങ്ങളെയും ആശയങ്ങളെയും ഉൾക്കൊള്ളുകയും സഹിഷ്ണുത പുലർത്തുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ രാജ്യത്തിന്റെ സവിശേഷത. മതസിദ്ധാന്തങ്ങളെ കേവലവും തീവ്രവുമായ രൂപത്തിൽ വ്യാഖ്യാനിക്കാനും ആരാധകരുടെ വിശ്വാസത്തെ ചോദ്യം ചെയ്യാനും കോടതിക്ക് കഴിയില്ല. അത്തരത്തിലുള്ള ഏതൊരു ശ്രമത്തെയും തള്ളിക്കളയാൻ ഈ കോടതിക്ക് യാതൊരു സങ്കോചവുമില്ല. ഭരണഘടനയുടെ അനുച്ഛേദം 25-ന് അടിവരയിടുന്ന മൂല്യങ്ങൾക്ക് വിനാശകരമായ മറ്റൊന്നും ഈ കോടതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകില്ല' (ഖണ്ഡിക 91).

ശബരിമല റിവ്യൂ പെറ്റിഷൻ കേസിൽ (കണ്ഠരു രാജീവരുടെ ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷൻ കേസ്) സുപ്രീംകോടതിയുടെ നിരീക്ഷണം ഇങ്ങനെയാണ്: 'ഒരു അനിവാര്യമായ മതാചാരം (ERP)) എന്താണെന്നത്, അതിന്റെ സാഹചര്യങ്ങളും സങ്കീർണതകളും എന്തുതന്നെയായാലും, ഈ കോടതിയുടെ ഒമ്പത് ജഡ്ജിമാർ അടങ്ങുന്ന ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലുള്ള ഒരു വിഷയമാണ്. അതിൽ കൂടുതൽ മുമ്പോട്ടുപോകുന്നത് ഒട്ടും ഉചിതമല്ല.'

*(അടുത്ത ലക്കത്തിൽ: യഹോവ സാക്ഷികളുടെ കേസും ശിരോവസ്ത്ര വിധിയും)*

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

അധ്യായം 40

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

حمٓ ﴿١﴾

تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْعَلِيمِ ﴿٢﴾

غَافِرِ ٱلذَّنۢبِ وَقَابِلِ ٱلتَّوْبِ شَدِيدِ ٱلْعِقَابِ ذِى ٱلطَّوْلِ ۖ لَآ إِلَٰهَ إِلَّا هُوَ ۖ إِلَيْهِ ٱلْمَصِيرُ ﴿٣﴾

مَا يُجَٰدِلُ فِىٓ ءَايَٰتِ ٱللَّهِ إِلَّا ٱلَّذِينَ كَفَرُوا۟ فَلَا يَغْرُرْكَ تَقَلُّبُهُمْ فِى ٱلْبِلَٰدِ ﴿٤﴾

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَٱلْأَحْزَابُ مِنۢ بَعْدِهِمْ ۖ وَهَمَّتْ كُلُّ أُمَّةٍۭ بِرَسُولِهِمْ لِيَأْخُذُوهُ ۖ وَجَٰدَلُوا۟ بِٱلْبَٰطِلِ لِيُدْحِضُوا۟ بِهِ ٱلْحَقَّ فَأَخَذْتُهُمْ ۖ فَكَيْفَ كَانَ عِقَابِ ﴿٥﴾

وَكَذَٰلِكَ حَقَّتْ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ كَفَرُوٓا۟ أَنَّهُمْ أَصْحَٰبُ ٱلنَّارِ ﴿٦﴾

ٱلَّذِينَ يَحْمِلُونَ ٱلْعَرْشَ وَمَنْ حَوْلَهُۥ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِۦ وَيَسْتَغْفِرُونَ لِلَّذِينَ ءَامَنُوا۟ رَبَّنَا وَسِعْتَ كُلَّ شَىْءٍ رَّحْمَةً وَعِلْمًا فَٱغْفِرْ لِلَّذِينَ تَابُوا۟ وَٱتَّبَعُوا۟ سَبِيلَكَ وَقِهِمْ عَذَابَ ٱلْجَحِيمِ ﴿٧﴾

1. ഹാ-മീം.
2. ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും സർവജ്ഞനുമായഅല്ലാഹുവിങ്കൽനിന്നാകുന്നു.
3. പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രെ അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവങ്കലേക്ക്തന്നെയാകുന്നു മടക്കം.
4. സത്യനിഷേധികളല്ലാത്തവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുകയില്ല. അതിനാൽ നാടുകളിൽ അവരുടെ സ്വൈരവിഹാരം നിന്നെ വഞ്ചിതനാക്കാതിരിക്കട്ടെ.
5. അവർക്ക് മുമ്പ് നൂഹിന്റെ ജനതയും അവരുടെ ശേഷമുള്ള കക്ഷികളും (സത്യത്തെ) നിഷേധിച്ചു തള്ളിക്കളയുകയുണ്ടായി. ഓരോ സമുദായവും തങ്ങളുടെ റസൂലിനെ പിടികൂടാൻ ഉദ്യമിക്കുകയും, അസത്യത്തെക്കൊണ്ട് സത്യത്തെ തകർക്കുവാൻവേണ്ടി അവർ തർക്കം നടത്തുകയും ചെയ്തു. തന്നിമിത്തം ഞാൻ അവരെ പിടികൂടി. അപ്പോൾ എന്റെ ശിക്ഷ എങ്ങനെയുണ്ടായിരുന്നു!
6. സത്യനിഷേധികളുടെ മേൽ, അവർ നരകാവകാശികളാണ് എന്നുള്ള നിന്റെ രക്ഷിതാവിന്റെ വചനം അപ്രകാരം സ്ഥിരപ്പെട്ടുകഴിഞ്ഞു.
7. സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്കുവേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും ചെയ്യുന്നു: ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയി ൽനിന്ന് കാക്കുകയും ചെയ്യേണമേ.

1. തന്റെ മഹത്തായ ഗ്രന്ഥത്തെക്കുറിച്ചാണ് അല്ലാഹു ഇവിടെ പറയുന്നത്. അല്ലാഹുവിൽ നിന്നും ഇറക്കപ്പെട്ടതാണത്. തന്റെ പ്രവർത്തനങ്ങളുടെ ഏകത്വംകൊണ്ടും പരിപൂർണതകൊണ്ടും ആരാധ്യനായവൻ,

2. (പ്രതാപിയും) തന്റെ പ്രതാപംകൊണ്ട് എല്ലാ സൃഷ്ടികളെയും അവൻ കീഴ്പ്പെടുത്തുന്നു. (സർവജ്ഞൻ) എല്ലാ കാര്യത്തെക്കുറിച്ചും.

3. (പാപം പൊറുക്കുന്നവൻ) കുറ്റവാളികൾക്ക്. (പശ്ചാത്താപം സ്വീകരിക്കുന്നവൻ) പശ്ചാത്തപിക്കുന്നവരിൽനിന്ന്. (കഠിനമായി ശിക്ഷിക്കുന്നവനും) തെറ്റുകൾ ചെയ്യാൻ ധൈര്യപ്പെടുകയും അതിൽനിന്ന് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവന്. (വിപുലമായ കഴിവുള്ളവൻ) ഔദാര്യപൂർണനും നന്മ ചെയ്യുന്നതിൽ തികഞ്ഞവനും.

ഇവിടെ അല്ലാഹുവിനെ പൂർണനായി അവൻ സ്ഥിരീകരിച്ചു. കാര്യങ്ങളെല്ലാം അവന് മാത്രം. ആരാധനക്കാർഹനായിരിക്കുക എന്നത് അനിവാര്യമാക്കുന്നു. പ്രവർത്തനങ്ങളെല്ലാം അവന് മാത്രമായിരിക്കേണ്ടവൻ. അല്ലാഹു പറയുന്നു: (അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവങ്കലേക്ക് തന്നെയാകുന്നു മടക്കം).

അല്ലാഹുവിന്റെ വിശേഷണങ്ങളും അല്ലാഹുവിൽ നിന്നാണ് ഖുർആനിന്റെ അവതരണം എന്നതും ഒന്നിച്ചു പറഞ്ഞതിന്റെ ബന്ധം ഖുർആനിലെ ആശയങ്ങളുടെ വിശേഷണം അവനുണ്ടായിരിക്കുക എന്നതിനെ അനിവാര്യമാക്കുന്നു. തീർച്ചയായും ഖുർആൻ ഒന്നുകിൽ അല്ലാഹുവിന്റെ നാമങ്ങൾ, വിശേഷണങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് പറയുന്നു. ഇവിടെ പറഞ്ഞതും അവന്റെ നാമങ്ങളും വിശേഷണങ്ങളും പ്രവർത്തനങ്ങളുമാണ്. അല്ലെങ്കിൽ അവന്റെ മഹത്തായ ഔദാര്യങ്ങളെ ക്കുറിച്ചും ശാരീരികമായ അനുഗ്രങ്ങളെക്കുറിച്ചും അതിനുവേണ്ടിയുള്ള നിർദേശങ്ങളും പരാമർശിക്കലായിരിക്കും. അതാണ് അവന്റെ വാക്കിലെ (വിപുലമായ കഴിവുള്ളവൻ) എന്ന് പറഞ്ഞതിലുള്ളത്.

അല്ലെങ്കിൽ തിന്മ പ്രവർത്തിക്കുന്നതിലൂടെ ലഭിക്കാവുന്ന അനിവാര്യമായ കഠിനശിക്ഷകളെക്കുറിച്ച് പറയുന്നു. അതാണ് (കഠിനമായി ശിക്ഷിക്കുന്നവനും) എന്നതിൽനിന്ന് മനസ്സിലാകുന്നത്. അതുമല്ലെങ്കിൽ ഖേദിച്ചുമടങ്ങാനും പശ്ചാത്തപിക്കാനും കുറ്റവാളികളെ ക്ഷണിക്കുക. അതാണ് (പാപം പൊറുക്കുന്നവും) എന്നത് സൂചിപ്പിക്കുന്നത്.

അതുമല്ലെങ്കിൽ ആരാധനക്കർഹനായി അല്ലാഹു മാത്രമെയുള്ളൂ എന്നറിയിക്കുക. അതിനുള്ള ബുദ്ധിപരവും പ്രമാണികവുമായ തെളിവ് സ്ഥാപിക്കുക. അതിന് പ്രേരിപ്പിക്കുകയും അവനല്ലാത്തവരെ ആരാധിക്കുന്നതിനെ വിരോധിക്കുകയും അതിന്റെ തകരാറുകളെക്കുറിച്ചുള്ള ബുദ്ധിപരവും പ്രാമാണികവുമായ തെളിവ് നിലനിർത്തുകയും അതിനെക്കുറിച്ച് താക്കീത് ചെയ്യുകയും ചെയ്യുന്നു. അതാണ് (അവനല്ലാതെ യാതൊരു ആരാധ്യനുമില്ല) എന്നതിലെ ആശയം.

അതുമല്ലെങ്കിൽ നീതിപൂർവകമായ അവന്റെ പ്രതിഫലം നൽകാനുള്ള വിധികളും സുകൃതം ചെയ്യുന്നവരുടെ പ്രതിഫലവും തെറ്റ് ചെയ്യുന്നവരുടെ ശിക്ഷയും അറിയിക്കുക. അതാണ് (അവങ്കലേക്ക് തന്നെയാകുന്നു മടക്കം) എന്നതിലടങ്ങിയിരിക്കുന്നത്. ഇതെല്ലാമാണ് ഖുർആൻ ഉൾക്കൊള്ളുന്ന ഉന്നതമായ ലക്ഷ്യങ്ങൾ.

4. അല്ലാഹു പറയുന്നു: (സത്യനിഷേധികളല്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുകയില്ല) ഇവിടെ തർക്കിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വചനങ്ങളെ ഖണ്ഡിക്കുക എന്നതാണ്; അസത്യങ്ങളിലൂടെ അതിനെ എതിരിടുന്നതും. ഇത് സത്യനിഷേധികളുടെ പ്രവർത്തനമാണ്. എന്നാൽ വിശ്വാസികൾ; അല്ലാഹു നൽകുന്ന സത്യങ്ങൾക്ക് അവർ കീഴൊതുങ്ങുന്നു.

തന്റെ ഭൗതിക അവസ്ഥയിൽ വഞ്ചിതനാവാൻ മനുഷ്യന് പാടില്ല. ഇഹലോകത്ത് അല്ലാഹു നൽകുന്നത് അവനെ അല്ലാഹു സ്നേഹി ക്കുന്നു എന്നതിന് അവൻ തെളിവായിക്കാണ ണം; അവൻ സത്യത്തിലാണെന്നതിനും. അതാണ് അല്ലാഹു പറഞ്ഞത്: (അതിനാൽ നാടുകളിൽ അവരുടെ സ്വൈരവിഹാരം നിന്നെ വഞ്ചിതനാക്കാതിരിക്കട്ടെ) വിവിധ കച്ചവടങ്ങൾക്കും സമ്പാദ്യത്തിനും വേണ്ടിയുള്ള വിഹാരങ്ങൾ. ജനങ്ങൾ ശരിയിലാണോ എന്നതാണ് പരിഗണിക്കേണ്ടത്. മതപരമായ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നോക്കണം. സത്യവുമായിട്ട് ജനങ്ങളെ തുലനം ചെയ്യുകയാണ് വേണ്ടത്. ജനങ്ങളുമായി സത്യത്തെ തുലനം ചെയ്യുകയല്ല വേണ്ടത്. അറിവും ബുദ്ധിയും ഇല്ലാത്തവരാണ് അങ്ങനെ ചെയ്യുന്നത്.

5. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അസത്യമാക്കാൻ തർക്കം നടത്തുന്നവരെ താക്കീത് ചെയ്യുകയാണ് തുടർന്ന് ചെയ്യുന്നത്. മുൻസമൂദായങ്ങൾ ചെയ്തപോലെ (നൂഹിന്റെ ജനത). (അവരുടെ ശേഷമുള്ള കക്ഷികളും) കക്ഷികളായി പിരിഞ്ഞവർ. സത്യത്തിന്നെതിരെ; അതിനെ ഇല്ലാതാക്കാൻ ഒന്നിച്ചു, അസത്യത്തെ സഹായിക്കാനും.

ആ കക്ഷിത്വം അവരെ എത്രത്തോളം എ ത്തിച്ചുവെന്നാൽ (ഓരോ സമുദായവും ഉദ്യമിക്കുകയും) എല്ലാ സമൂഹങ്ങളിലും പെട്ടവർ. (തങ്ങളുടെ റസൂലിനെ പിടികൂടാൻ) അതായ ത് ആ റസൂലിനെ കൊന്നുകളയാൻ. നന്മ ചെയ്യുന്നവരുടെ നായകരായ ദൂതന്മാർക്ക് ഉണ്ടാകാവുന്നതിന്റെ പരമാവധിയാണ് ഇത്. സത്യം അവരോടൊപ്പമാണെന്നതിൽ സംശയമില്ല. ആശയക്കുഴപ്പവുമില്ല. അവരെ അവർ കൊല്ലാൻ ശ്രമിച്ചു. ഈ അക്രമത്തിനും വഴികേടിനും ദൗർഭാഗ്യത്തിനും പുറത്തുകടക്കാൻ കഴിയാത്ത വർധിച്ച ശിക്ഷയല്ലാതെയുണ്ടോ?

അവർക്കുള്ള ഭൗതികവും പാരത്രികവുമായ ശിക്ഷയാണിവിടെ അല്ലാഹു പറയുന്നത്. (ഞാൻ അവരെ പിടികൂടി) അവരുടെ കക്ഷിത്വവും കളവാക്കലും കാരണം. (അപ്പോൾ എന്റെ ശിക്ഷ എങ്ങനെയുണ്ടായിരുന്നു?) ശിക്ഷ അതികഠിനവും ഏറ്റവും മോശമായതുമായിരുന്നു. ഒരു ഘോരമായ ശബ്ദം, അല്ലെങ്കിൽ അവരുടെ മേൽ ഇറങ്ങുന്ന ഒരു ചരൽ വർഷം. അവരെ പിടികൂടാൻ ഭൂമിയോട് കൽപിക്കുകയോ കടലിനോട് മുക്കിക്കളയാൻ നിർദേശിക്കുകയോ ചെയ്യുക. അപ്പോഴേക്കും അവരതാ കെട്ടടങ്ങിക്കഴിഞ്ഞു.

6. (സത്യനിഷേധികളുടെമേൽ നിന്റെ രക്ഷിതാവിന്റെ വചനം അപ്രകാരം സ്ഥിരപ്പെട്ടുകഴിഞ്ഞു) ശിക്ഷയ്ക്ക് കാരണമാകുന്ന വഴികേടിന്റെ വചനം അവരുടെ മേൽ യാഥാർഥ്യമാ യി. അതാണ് അല്ലാഹു പറഞ്ഞത്: (അവർ നരകാവകാശികളാണെന്ന്).

7. സത്യവിശ്വാസികളോടുള്ള അല്ലാഹുവിന്റെ കനിവിനെക്കുറിച്ചാണ് ഇവിടെ പറയുന്ന ത്. സൗഭാഗ്യത്തിന് അവരുടെ കഴിവിനപ്പുറത്ത് അവൻ നിശ്ചയിച്ച നിമിത്തങ്ങളും ഇവിടെ പരാമർശിക്കുന്നു. അതിൽ പെട്ടതാണ് അവന്റെ സാമീപ്യം സിദ്ധിച്ച മലക്കുകളുടെ പാപമോചന തേട്ടവും പ്രാർഥനയും; അവരുടെ ഇഹപര നന്മയ്ക്കുവേണ്ടി. അതിൽ പെട്ടതുതന്നെയാണ് തന്റെ സിംഹാസനം വഹിക്കുന്ന മലക്കുകളെക്കുറിച്ചും അതിന് ചുറ്റിലുള്ളവരെക്കുറിച്ചുമുള്ള പരാമർശവും. അവർക്ക് തങ്ങളുടെ രക്ഷിതാവുമായുള്ള അടുപ്പവും അവരുടെ ആരാധനകളുടെ ആധിക്യവും അല്ലാഹുവിന്റെ ദാസന്മാരോടും അല്ലാഹുവിന് അവരെ ഇഷ്ടമാണെന്നറിയുന്നതുകൊണ്ടുള്ള ഗുണകാംക്ഷയുമെല്ലാം ഇതിലുണ്ട്. അല്ലാഹു പറയുന്നു: (സിംഹാസനം വഹിക്കുന്നവർ) സർവ സൃഷ്ടികളുടെയും മുകളിലുള്ള പരമകാരുണികന്റെ സിംഹാസനം. ഏറ്റവും മഹത്തായതും വിശാലമാ യും ഭംഗിയുള്ളതുമായ, അല്ലാഹുവിലേക്ക് ഏറ്റവും അടുത്തതുകൂടിയാണത്. കുർസിയ്യിലും ആകാശ ഭൂമികളിലും വിശാലമാണത്. ഈ മലക്കുകളെ അല്ലാഹു അർശ് വഹിക്കാൻ ഏൽപിച്ചു. മലക്കുകളിൽ ഏറ്റവും വലിയവരും മഹത്ത്വമുള്ളവരും ഏറ്റവും ശക്തിയുള്ളവരുമായിരിക്കും അവരെന്നതിൽ സംശയമില്ല.

അർശ് വഹിക്കാൻ അല്ലാഹു അവരെയാണ് തെരഞ്ഞെടുത്തത് എന്നതും അവരെ ആദ്യം പരാമർശിച്ചു എന്നതും അവനിലേക്കുള്ള അവരുടെ അടുപ്പവും മലക്ക് വർഗത്തിൽ ഏറ്റവും ശ്രേഷ്ഠർ അവരാണെന്നതിനെക്കുറിക്കുന്നു. അല്ലാഹു പറയുന്നു:

وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ يَوْمَئِذٍ ثَمَٰنِيَةٌ

“നിന്റെ രക്ഷിതാവിന്റെ സിംഹാസനത്തെ അവരുടെ മീതെ അത് എട്ട് കൂട്ടർ വഹിക്കുന്നതാണ്”(69:12).

(അതിന്റെ ചുറ്റുള്ളവരും) മഹത്ത്വത്തിലും സ്ഥാനത്തിലും സാമീപ്യം സിദ്ധിച്ച മലക്കുകൾ. (തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും) അവർ ധാരാളം ആരാധന ചെയ്യുന്നതിനാൽ ഇത് അവർക്കുള്ള പ്രശംസയാണ്. പ്രത്യേകിച്ച് സ്തുതിക്കലും കീർത്തിക്കലും മറ്റാരാധനകളും. എല്ലാം അവനെ പരിശുദ്ധപ്പെടുത്തലാണ്; മറ്റുള്ളവർക്ക് ആരാധന നൽകാതിരിക്കുന്നതിലൂടെ. അവനെ സ്തുതിക്കുക എന്നതും അവനുള്ള ആരാധനതന്നെ. ഒരടിമ 'സുബ്ഹാനല്ലാഹി വബിഹംദിഹി' എന്ന് പറയുമ്പോൾ (അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുകയും ചെയ്യുന്നു) ആരാധന എന്ന പൊതുപ്രയോഗത്തിൽ ഇതെല്ലാം ഉൾപ്പെടും. (അവനിൽ വിശ്വസിക്കുകയും വിശ്വാസികൾക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു) ഇത് വിശ്വാസത്തിന്റെ പ്രയോജനമാണ്. അതിന് ധാരാളം മഹത്ത്വങ്ങളുണ്ട്. അല്ലാഹുവിൽ വിശ്വസിക്കുന്നവരായ, പാപം ചെയ്യാത്ത മലക്കുകൾ വിശ്വാസികൾക്കുവേണ്ടി പാപമോചനം തേടിക്കൊണ്ടിരിക്കുന്നു. അപ്പോൾ ഒരു വിശ്വാസി തന്റെ വിശ്വാസംകൊണ്ട് ഈ മഹത്തായ അനുഗ്രഹത്തിന് നിമിത്തമാകുന്നു.

പാപമോചനം ലഭിക്കാൻ ചില നിർബന്ധ കാര്യങ്ങളുണ്ട്. അതുണ്ടായെങ്കിലേ അത് പൂർത്തിയാകുകയുള്ളൂ. അധികമാളുകളും മനസ്സിലാക്കിയത് പാപം പൊറുക്കാൻ അത് ചോദിച്ചാൽ മാത്രം മതിയെന്നാണ്. മലക്കുകളുടെ പാപമോചന പ്രാർഥനയുടെ രൂപം അല്ലാഹു ഇവിടെ പറയുന്നു. അതിന് ആവശ്യമായത് ഇവിടെ പരാമർശിക്കുന്നു. അല്ലാഹു പറയുന്നു: (ഞങ്ങളുടെ രക്ഷിതാവേ, നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു) നിന്റെ അറിവ് എല്ലാറ്റിനെയും ചൂഴ്ന്നു നിൽക്കുന്നു. ഒരു രഹസ്യവും നിന്റെമേൽ രഹസ്യമാവുകയില്ല. നിന്റെ അറിവിൽനിന്നും ആകാശത്തിലോ ഭൂമിയിലോ ഒരു അണുത്തൂക്കംപോലും വിട്ടുപോവുകയില്ല; ചെറുതും വലുതുമായ ഒന്നുംതന്നെ. നിന്റെ കാരുണ്യം എല്ലാറ്റിലും വിശാലമായിരിക്കുന്നു. പ്രപഞ്ചം ഉപരിയും അല്ലാത്തതും ഉണ്ട്. അവ അവന്റെ കാരുണ്യംകൊണ്ട് നിറഞ്ഞിരിക്കുന്നു. അത് അവരിൽ വിശാലമാണ്. അവൻ സൃഷ്ടിച്ചതിലേക്കെല്ലാം അതെത്തുന്നു.

(പശ്ചാത്തപിക്കുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ!) തെറ്റിൽനിന്നും ശിർക്കിൽനിന്നും. (നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക്) നിന്റെ ദൂതന്മാരെയും ഏകത്വത്തെയും നിനക്കുള്ള അനുസരണയെയും പിൻപറ്റുന്നതിലൂടെ. (നീ അവരെ നരകശിക്ഷയിൽനിന്ന് കാക്കുകയും ചെയ്യേണമേ) നരകത്തിലേക്കെത്തിക്കുന്ന കാരണങ്ങളിൽനിന്നും നരകത്തിൽനിന്നുതന്നെയും.



# പുതുതലമുറ എങ്ങോട്ട്?

**ടി.കെ അശ്റഫ്**
: 81118 07199

അറുവഷളൻ തെറിവിളികളുമായി വളാഞ്ചേരി അങ്ങാടിയിൽ വന്നു ഒരു ചെറുപ്പക്കാരൻ ആർത്തു വിളിച്ചതിന് സാക്ഷികളായി നൂറുകണക്കിന് സ്കൂൾ വിദ്യാർഥികൾ വട്ടംകൂടിയ വീഡിയോ വൈറലായിരിക്കുകയാണ്! ഇതിനെ തുടർന്ന് ഈ ചെറുപ്പക്കാരന്റെ ഇന്നലെകളും തെറിയഭിഷേകം നിറഞ്ഞ ഭ്രാന്തൻ വീഡിയോകളും കൂടുതൽ പേരിലേക്ക് ഷെയർ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. വൻനഗരങ്ങളിലെല്ലാം ഒരു സെലിബ്രേറ്റിയായി ഇവനെ യുവതലമുറ ആനയിച്ചുകൊണ്ടിരിക്കുകയാണ്.

അനുകൂലിച്ചും പ്രതികൂലിച്ചും രംഗത്ത് വരുന്നവരെല്ലാം മറ്റൊരർഥത്തിൽ ഇവന്റെ വീഡിയോയുടെ പ്രചാരകരായി മാറുന്ന ഖേദകരമായ സാഹചര്യമാണുള്ളത്. അനുനിമിഷം പതിനായിരങ്ങളിലേക്കാണ് റീച്ച് ചെയ്യുന്നത്; പ്രത്യേകിച്ച് പെൺകുട്ടികൾക്കിടയിൽ.

അടിയന്തരമായി ഈ കുട്ടിയുടെ കാര്യത്തിൽ അവന്റെ കുടുംബവും നാട്ടുകാരും ഇടപെടണം. അധികാരികൾക്കും ഈ വിഷയത്തിൽ വലിയ ഉത്തരവാദിത്തമുണ്ട്. ആർക്കും വഴങ്ങാത്ത സ്വപ്നലോകത്ത് വിഹരിക്കുന്ന ഒരു തലമുറയായി നമ്മുടെ മക്കൾ മാറാതിരിക്കാൻ അതീവ ജാഗ്രത ഉണ്ടാവണം.

പ്രബുദ്ധ കേരളമെന്നാൽ തുണിയഴിച്ച് തലയിൽ കെട്ടലും മാറുതുറന്ന് മാടിവിളിക്കലും തെറിവിളിച്ച് ആക്രോശിക്കലുമാണോ? ഇതെല്ലാം കണ്ട് ആസ്വദിക്കുന്ന പുതുതലമുറയും കണ്ടാലും കണ്ടില്ലെന്നു നടിക്കുന്ന സമൂഹവും പുതുതലമുറ തോന്നിയത് പോലെ വളർന്നോട്ടെ, അവരെ നിയന്ത്രിക്കരുത് എന്ന് ക്യാമ്പയിൻ ചെയ്യുന്ന വിദ്യാർഥി സംഘടനകളും ചേർന്ന് നമ്മുടെ നാടിനെ എവിടെയെത്തിക്കും എന്ന് ഇനിയും ചിന്തിച്ചില്ലെങ്കിൽ വലിയ ദുരന്തങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്.

**അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ:**

- ഇത്തരം കുട്ടികളെ നിയന്ത്രിക്കണം.
- യൂട്യൂബിൽ ഈ വീഡിയോകൾ ബ്ലോക്ക് ചെയ്യണം.
- ഭരണകൂടം ഇടപെടണം.
- രക്ഷിതാക്കൾ കുട്ടികൾ എവിടെ പോകുന്നുവെന്നും എന്ത് കാണുന്നു എന്നും മനസ്സിലാക്കണം.
- കുട്ടികൾ ഇത്തരം അവസ്ഥയിലേക്ക് പോകാതിരിക്കാൻ സൗഹാർദ മനസ്സോടെ മക്കളുമായി സഹവസിക്കാനും സംസാരിക്കാനും രക്ഷിതാക്കൾ സമയം കാണണം.
- യുവതലമുറ സാമൂഹ്യ മാധ്യമങ്ങൾക്കും ഗെയ്മിനും അഡിക്റ്റാവുന്ന സാഹചര്യത്തെ അപഗ്രഥിക്കണം.
- ആധുനിക കൗമാരത്തെ വിവേകപൂർവം കൈകാര്യം ചെയ്യാൻ പഴയ പാഠങ്ങൾ മതിയാകാതെ വന്നിരിക്കുന്നു. രക്ഷിതാക്കൾക്കും കൗമാരക്കാർക്കും പ്രത്യേക ക്ലാസുകൾ നൽകണം.
- കേട്ടാലറയ്ക്കുന്ന ഇത്തരം ചെയ്തികളെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ന്യായീകരിക്കുന്നവരുടെ മുഖമൂടി വലിച്ചുകീറണം.
- ഇത്തരം വീഡിയോകൾക്ക് വലിയ വാർത്താപ്രാധാന്യം നൽകുന്ന ഓൺലൈൻ മാധ്യമങ്ങളെ നിയന്ത്രിക്കണം.
- ഇങ്ങനെയൊക്കെ നാട്ടിൽ നടക്കുന്നുണ്ട് എന്ന് പറയാൻ മാത്രമായി ചിലർ ഈ ചെറുപ്പക്കാരന്റെ ചീഞ്ഞളിഞ്ഞ വീഡിയോ കോപ്രായങ്ങൾ ഷെയർ ചെയ്യുന്നത് അവസാനിപ്പിക്കണം. വ്യാപക ഷെയറിംഗ് തിന്മയെ നിസ്സാരവത്കരിക്കാനും എന്ത് വൃത്തികേടിനെയും സാമാന്യവത്കരിക്കാനും ഇടയാക്കും.

ഇത്തരം അധാർമികതകളെ തടയാൻ വൈകുന്ന ഓരോ നിമിഷത്തിനും ഭാവിയിൽ വലിയ വില നൽകേണ്ടിവരുമെന്ന് രക്ഷിതാക്കളും സമൂഹവും അധികാരികളും തിരിച്ചറിയേണ്ടതുണ്ട്.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
24 JUNE 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

